17
2026
ജൂലൈ
വെള്ളി
കർക്കിടകം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 142 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-142 | പേജ് 4. വില 2.00 രൂപ




02 കൊച്ചിയിൽ ഇഡിയുടെ നിർണായക യോഗം; സ്ഥിതിഗതികൾ വിലയിരുത്തും

03 ഡിജിറ്റൽ വിദ്യാഭ്യാസം പ്രാഥമികതലം മുതൽ ശക്തിപ്പെടുത്തും: മന്ത്രി

04 അജയ്യരായി അർജൻറീന; ഇനി ഫൈനൽ പോരാട്ടം

# വിഴിഞ്ഞം ഓഹരി കൈമാറ്റം

# സർക്കാർ നിലപാട് ദുരൂഹം

## മുഖ്യമന്ത്രിയുടെ വാദങ്ങൾ അടിസ്ഥാനരഹിതമെന്ന് ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവിന്റെ കത്ത്



തിരുവനന്തപുരം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ ഓഹരി കൈമാറ്റവുമായി ബന്ധപ്പെട്ട് താൻ ഉന്നയിച്ച ഗൗരവകരമായ ആശങ്കകൾക്ക് വസ്തുതാപരമായ മറുപടി നൽകുന്നതിന് പകരം, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മുഖ്യമന്ത്രിക്കെഴുതിയ കത്തിൽ ചൂണ്ടിക്കാട്ടി. കൺസഷൻ എഗ്രിമെന്റ് പ്രകാരം വിഴിഞ്ഞം പദ്ധതിയുടെ നടത്തിപ്പും പരിപാലനവും മാത്രമാണ് അദാനി ഗ്രൂപ്പിനുള്ളതെന്നും, തുറമുഖം പൂർണ്ണമായും കേരള സർക്കാരിന്റെ ഉടമസ്ഥതയിലാണെന്നുമുള്ള വസ്തുത മുഖ്യമന്ത്രി വിസ്മരിക്കരുത്. കൺസഷനയർ കമ്പനിയിൽ സർക്കാർ ഓഹരി പങ്കാളിയല്ലെന്ന് വരുത്തിത്തീർത്ത് തടിതപ്പാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. തുറമുഖം കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുക്കാതെ സർക്കാർ സംരക്ഷിക്കുമെന്ന നിലപാട് അസന്ദിഗ്ധമായി പ്രഖ്യാപിക്കാൻ അദ്ദേഹം തയ്യാറാകണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

വിഴിഞ്ഞം കോൺക്ലേവിനെ ഓഹരി കൈമാറ്റവുമായി ബന്ധിപ്പിക്കുന്നത് മുഖ്യമന്ത്രിയുടെ ദുസ്സൂചന നിറഞ്ഞ ദുരാരോപണമാണെന്ന് പിണറായി വിജയൻ കുറ്റപ്പെടുത്തി. 2025ൽ തലസ്ഥാനത്ത് സംഘടിപ്പിച്ച വിഴിഞ്ഞം കോൺക്ലേവ് പോർട്ടിന്റെ പ്രവർത്തനക്ഷമതയും വ്യാവസായിക വളർച്ചയും ചർച്ച ചെയ്യാനുള്ള വേദിയായിരുന്നു. അദാനി ഗ്രൂപ്പിന്റെ ഓഹരി കൈമാറ്റം സംബന്ധിച്ച ഒരു ചർച്ചയും എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് നടന്നിട്ടില്ലെന്ന് തുറമുഖ വകുപ്പിലെ ഫയലുകൾ പരിശോധിച്ചാൽ വ്യക്തമാകും. വസ്തുതകൾ ഇതായിരിക്കെ, ഊഹങ്ങളും അഭ്യൂഹങ്ങളും പ്രചരിപ്പിക്കുന്നത് ഒരു മുഖ്യമന്ത്രിക്ക് ചേർന്നതല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കരാറിലെ 5.9 ക്ലോസ് പ്രകാരം വിഴിഞ്ഞത്തിന് 250 കിലോമീറ്ററിനുള്ളിൽ മറ്റൊരു തുറമുഖത്ത് ഓഹരി പങ്കാളിത്തമുള്ള കമ്പനിക്ക് വിഴിഞ്ഞത്ത് ഓഹരി കൈമാറാൻ നിയമപരമായ തടസ്സങ്ങളുണ്ട്. തൂത്തുക്കുടി തുറമുഖത്ത് പൂർണ്ണ അവകാശമുള്ള എം.എസ്.സി കമ്പനിയുമായുള്ള അദാനി ഗ്രൂപ്പിന്റെ നീക്കം കരാർ ലംഘനമാണ്. എന്നിട്ടും, ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കാൻ സർക്കാർ മടിക്കുന്നതും, മുൻ സർക്കാരിന്റെ തലയിൽ കെട്ടിവെക്കാൻ ശ്രമിക്കുന്നതും ദൗർഭാഗ്യകരമാണ്. സർക്കാർ മുൻകൂർ അനുമതിയില്ലാതെ അദാനി ഗ്രൂപ്പ് സെബിക്ക് കത്ത് നൽകിയ ഗുരുതരമായ അപാകത ചൂണ്ടിക്കാട്ടിയിട്ടും, അക്കാര്യത്തിൽ മൗനം പാലിച്ചതും സർക്കാർ ഉത്തരവുകൾ പുറത്തിറക്കാൻ വൈകിയതും വലിയ ദുരൂഹതകൾക്കാണ് വഴിവെക്കുന്നത്.

ഇതിനൊപ്പം തന്നെ, കൺസഷൻ എഗ്രിമെന്റിലെ ക്ലോസ് 5.8.1 പ്രകാരം വിഴിഞ്ഞം തുറമുഖത്ത് നോൺഡിസ്ക്രിമിനേറ്ററി ആക്സസ് എല്ലാവർക്കും ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ട ബാധ്യത കൺസഷണയർക്കുണ്ട്. കരാറിലെ ഈ വ്യവസ്ഥകൾ സ്വകാര്യ കമ്പനി കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. കമ്പനിക്ക് വഴിവിട്ട സൗജന്യങ്ങൾ നൽകി സംസ്ഥാന താൽപ്പര്യങ്ങൾ ബലികഴിക്കരുത്. ദേശീയ സുരക്ഷയെ ബാധിക്കുന്ന തരത്തിൽ സായുധ സേനകളുടെ സാന്നിധ്യത്തോട് പോർട്ട് ഓപ്പറേറ്റർമാർ നിഷേധാത്മക സമീപനം സ്വീകരിക്കുന്നത് ഗൗരവത്തോടെ കാണണം.

വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ സ്വത്താണെന്നും, അത് കുത്തക ശക്തികളുടെ പിടിയിലമരാതെ സംരക്ഷിക്കപ്പെടണമെന്നും പ്രതിപക്ഷ നേതാവ് ഓർമ്മിപ്പിച്ചു. കരാർ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കണമെന്നും, അദാനി ഗ്രൂപ്പിന്റെ കരാർ ലംഘനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# ബി.ബി. ഗോപകുമാറിനെതിരായ വധഭീഷണിക്ക് പിന്നിലെ ഗൂഢാലോചന അന്വേഷിക്കണം

## ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ എംഎൽഎ

തിരുവനന്തപുരം : ബിജെപി നിയമസഭാ കക്ഷി നേതാവും ചാത്തന്നൂർ എം.എൽ.എ യുമായ ബി.ബി. ഗോപകുമാറിനെതിരായ വധഭീഷണി സംഭവത്തെ കേവലം ഒരു ഫോൺ ഭീഷണി കേസായി മാത്രം കാണാനാവില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ചാത്തന്നൂർ പൊലീസ് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ പ്രകാരം, എം.എൽ.എയുടെ ഫോണിൽ വിളിച്ച് വധഭീഷണി മുഴക്കുകയും ചെയ്ത സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാനസിക പ്രശ്നങ്ങൾ നേരിടുന്ന ഒരാളെ ഉപയോഗിച്ച് ഫോൺവിളി നടത്തിപ്പിച്ചതായി പുറത്തുവരുന്ന വിവരങ്ങൾ അതീവ ഗൗരവമുള്ളതാണ്. അങ്ങനെയെങ്കിൽ, ആ വ്യക്തിയെ മുന്നിൽ നിർത്തി ഇത്തരം ഗൂഢാലോചന ആസൂത്രണം ചെയ്ത യഥാർത്ഥ പ്രതികൾ ആരാണെന്ന് കണ്ടെത്തേണ്ടത് പൊലീസിന്റെ ഉത്തരവാദിത്വമാണ്.

ഭീകരാക്രമണ കേസിലെ പ്രതിയും ഭീകരവാദ നേതാവുമായ പി.ഡി.പി. നേതാവ് അബ്ദുൽ നാസർ മദനിക്ക് വേണ്ടി ഇടതും വലതും ഒരേ നിലപാട് സ്വീകരിച്ച കാര്യം ബി.ബി. ഗോപകുമാർ നിയമസഭയിൽ ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാർ ആ പരാമർശം സഭാരേഖയിൽ നിന്ന് ഏകപക്ഷീയമായി നീക്കം ചെയ്യുകയും ചെയ്തു. ഈ സംഭവവികാസങ്ങൾക്ക് പിന്നാലെയാണ് അദ്ദേഹത്തിനെതിരെ വധഭീഷണി ഉയർന്നിരിക്കുന്നത്. ഈ പശ്ചാത്തലവും ഉൾപ്പെടുത്തി ഏതെങ്കിലും ആസൂത്രിത ഗൂഢാലോചന ഇതിന് പിന്നിലുണ്ടോയെന്ന് സമഗ്രമായി അന്വേഷിക്കണം. വധഭീഷണി മുഴക്കിയ വ്യക്തിയെ മാത്രം പ്രതിയാക്കി അന്വേഷണം അവസാനിപ്പിക്കാതെ, ഫോൺവിളിക്ക് പിന്നിൽ പ്രവർത്തിച്ചവരെയും അതിന് പ്രേരണയോ സഹായമോ നൽകിയവരെയും കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരണം. ഒരു ജനപ്രതിനിധിക്കെതിരായ വധഭീഷണി ജനാധിപത്യത്തിന് നേരെയുള്ള വെല്ലുവിളിയാണ്. ഇത്തരം സംഭവങ്ങളെ നിസാരവൽക്കരിക്കാനോ അന്വേഷണം വഴിതിരിച്ചുവിടാനോ അനുവദിക്കരുത്.എല്ലാ വശങ്ങളും അന്വേഷിച്ച് യഥാർത്ഥ സൂത്രധാരന്മാരെ കണ്ടെത്തി മാതൃകാപരമായ നടപടി സ്വീകരിക്കാൻ കേരള പൊലീസ് തയ്യാറാകണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആവശ്യപ്പെട്ടു.

# വൻകിട കപ്പലുകളുടെ പ്രവർത്തനം തടയും

കൊച്ചി:ഇന്ത്യയുടെ പുറം കടലിലും ആഴക്കടലിലും പ്രവർത്തിക്കുന്ന യാനങ്ങൾക്കു ആക്സസ് പാസ് നൽകുന്നതുമായി ബന്ധപ്പെട്ട ശില്പശാലയും ,ബോട്ടുകളുടെ ആക്സസ് പാസ്സ് രജിസ്ട്രേഷനും ഇന്ന് കൊച്ചിയിലെ ഫിഷറീസ് സർവേ ഓഫ് ഇന്ത്യയിൽ നടന്നു.ട്രോൾ ബോട്ടുകൾക്ക് ആക്സസ് പാസ് നൽകുന്നത് സൗജന്യമാണ്.എന്നാൽ 200 നോട്ടിക്കൽ മൈലിനു പുറത്തു പ്രവർത്തിക്കുന്ന ആഴക്കടൽ യാനങ്ങൾക്ക് ആക്സസ് പാസിന് 25000 രൂപ നൽകണം.20 മീറ്റർ മാത്രം നീളമുള്ളതും ചെറുകിട മേഖലയിൽപ്പെടുന്നതുമായ ഈ യാനങ്ങൾക്ക് ഫീസ് ഈടാക്കുന്നത് തെറ്റാണെന്നും അതിൽ ഇളവ് നൽകണമെന്നും ഡീപ് സീ ഫിഷേർസ് അസോസിയേഷൻ പ്രസിഡൻറ് ചാൾസ് ജോർ ജൂ സെക്രട്ടറി എം മജീദും ആവശ്യപ്പെട്ടു .

ഫിഷറി സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടർ ജനറൽ ഡോക്ടർ ശ്രീനാഥ് അധ്യക്ഷത വഹിച്ച ശില്പശാലയിലാണ് ഈ ആവശ്യം ഉന്നയിച്ചത്.

ബോട്ടുകളുടെ ആക്സസ് പാസിന്റെ മറവിൽ വൻകിടയാനങ്ങളെ പ്രവേശിപ്പിക്കാനുള്ള കേന്ദ്രസർക്കാരിൻറെ ഗൂഢനീക്കത്തിനെതിരെ സംസ്ഥാനവ്യാപകമായ പ്രക്ഷോഭം നടത്തുമെന്നും അവർ പറഞ്ഞു.കേരളത്തിലെ ഹാർബറുകളുടെ നവീകരണം നടത്തുന്നത് വൻകിട കപ്പലുകളുടെ പ്രവേശനവുമായി ബന്ധപ്പെട്ടാണ് എന്ന ആശങ്കയും അവർ പങ്കുവെച്ചു.

ഒരു പതിറ്റാണ്ട് മുമ്പ് മീനാകുമാരി റിപ്പോർട്ടിന്റെമറവിൽ വൻകിട കപ്പലുകൾക്ക്ഇന്ത്യയുടെ സമുദ്രം തീറെഴുതുന്ന പ്രഖ്യാപനം വന്നപ്പോൾ മുതൽ സംസ്ഥാന വ്യാപകമായ പ്രക്ഷോഭമുയർത്തികേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹം ഇതിനെ ചെറുത്തു പരാജയപ്പെടുത്തിയതാണ്.സഹകരണ സംഘങ്ങളുടെ പേരിൽ വൻകിട കമ്പനികൾക്ക് ഇന്ത്യയുടെ കടലുകളെ തീറെഴുതുന്ന കേന്ദ്രസർക്കാരിൻറെ പുതിയ നീക്കത്തിനെതിരെ സംസ്ഥാന സർക്കാർ അടിയന്തരമായി പ്രതികരിക്കണമെന്നും മത്സ്യത്തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചു ചേർത്തു സംസ്ഥാന സർക്കാരിൻറെ അഭിപ്രായം രേഖപ്പെടുത്തണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

മർച്ചൻ ഷിപ്പിംഗ് ആക്ടിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടും സംസ്ഥാന സർക്കാരിന്റെ അഭിപ്രായം തേടാതെ മത്സ്യത്തൊഴിലാളികളുമായി നേരിട്ട് ബന്ധപ്പെട്ടു യോഗം വിളിക്കുന്ന ജനാധിപത്യ വിരുദ്ധമായ നടപടിയാണ് നടന്നിരിക്കുന്നത്.

ഫെഡറൽ തത്വങ്ങളുടെ ലംഘനമാണിത്.

ഇന്ത്യയുടെ പരമാധികാരം ഉള്ള കടലിൽ 3,14,677 യാനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.സുസ്ഥിര മത്സ്യബന്ധനത്തിന് കേവലം 93, 257 യാനങ്ങൾ മാത്രം മതി എന്നിരിക്കെ അതിൻറെ മൂന്നിരട്ടിയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.ആഴക്കടലിലും ഇതുതന്നെയാണ് അവസ്ഥ.ഇന്ത്യൻ ഓഷ്യൻ ട്യൂണ കമ്മീഷൻ ഇന്ത്യയുടെ ആഴക്കടലിൽ നിന്നും പിടിക്കാവുന്ന യെല്ലോ ഫിൻ ട്യൂണയുടെ അളവ് 25000 ടൺ ആയി നിജപ്പെടുത്തിയിരിക്കെ ഇപ്പോൾ 39,000 ആണ് ഈ ചെറുകിട യാനങ്ങൾ പിടിക്കുന്നത്.

ഇപ്പോൾ തന്നെ സുസ്ഥിരതയുടെ പ്രശ്നങ്ങൾ നേരിടുന്ന തൊഴിൽ സാന്ദ്രമായ കടലിനെ വന്ധീകരിക്കുന്ന നടപടി ആയിരിക്കും വൻകിടക്കാർക്ക് തീറെഴുതുന്നതിലൂടെ സംഭവിക്കുന്നത് എന്നും അവർ പറഞ്ഞു.അതു കൊണ്ട് ഈ തീരുമാനം പുന: പരിശോധിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ചാൾസ് ജോർജ്,
പ്രസിഡൻറ്
എം .മജീദ്
സെക്രട്ടറി

ഓൾ ഇന്ത്യ ഡീപ് സീ ഫീഷേഴ്സ് അസോസിയേഷൻ

# തിരുവോണം ബംബർ ഭാഗ്യക്കുറി വില്പന ജൂലായ് 20 മുതൽ; ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി നിർവഹിച്ചു

തിരുവനന്തപുരം: സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ തിരുവോണം ബംബർ ഭാഗ്യക്കുറി ടിക്കറ്റ് പ്രകാശനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു. ജൂലൈ 20 മുതൽ ടിക്കറ്റ് വിപണിയിൽ ലഭ്യമാകും. 500 രൂപയാണ് വില. സെപ്തംബർ 26 നാണ് നറുക്കെടുപ്പ്. സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന ചടങ്ങിൽ നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ അഞ്ജു കെ എസ്, ജോയിന്റ് ഡയറക്ടർമാരായ ഷാജു പി എ, അനിൽകുമാർ കെ എസ് തുടങ്ങിയവർ പങ്കെടുത്തു.ഒന്നാം സമ്മാനം 30 കോടി രൂപയാക്കി ഉയർത്തിയാണ് ഈ വർഷത്തെ തിരുവോണം ബമ്പർ ഭാഗ്യക്കുറി പുറത്തിറക്കിയിരിക്കുന്നത്.

രണ്ടാം സമ്മാനമായി ഒരു കോടി രൂപ വീതം ഇരുപതു പേർക്ക് നൽകും. ഒന്നാം സമ്മാനാർഹമാകുന്ന ടിക്കറ്റ് വില്പന നടത്തുന്ന ഏജന്റിന് മൂന്നു കോടി രൂപ ഏജൻസി സമ്മാനമായും ലഭിക്കും. തിരുവോണം ബമ്പർ ഭാഗ്യക്കുറിയിലൂടെ 22 കോടിപതികളെ സൃഷ്ടിക്കാൻ കഴിയും വിധമാണ് സമ്മാനഘടന രൂപപ്പെടുത്തിയിരിക്കുന്നത്. മൂന്നാം സമ്മാനം 25 ലക്ഷം വീതം 20 പേർക്കും നാലാം സമ്മാനം 5 ലക്ഷം വീതം 10 പേർക്കും അഞ്ചാം സമ്മാനം 2 ലക്ഷം വീതം 10 പേർക്കും കൂടാതെ 5000 മുതൽ 500 രൂപ വരെയുള്ള ലക്ഷകണക്കിന് സമ്മാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ഓണം ബമ്പറിന് 28 ശതമാനം ജി എസ് ടി യാണ് ഉണ്ടായിരുന്നത്. എന്നാൽ 21/09/2025 മുതൽ ലോട്ടറിക്കുള്ള ജി എസ് ടി 40 ശതമാനമായി ഉയർത്തിയതിനാൽ ഓണം ബമ്പറിന് 40 ശതമാനം ജി എസ് ടി യാണ് നിലവിലുള്ളത്. ഉയർന്ന ജി എസ് ടി നിരക്കിലും ആകെ സമ്മാനത്തുകയും സമ്മാന നിരക്കും കഴിഞ്ഞ വർഷത്തേതിന് തുല്യമായി നിലനിർത്തിയിട്ടുണ്ട്. ഏജന്റുമാർക്ക് ഡിസ്കൗണ്ട് നിരക്കിന് പുറമെ ഒരു ടിക്കറ്റിനു ഒരു രൂപ വീതം ഇൻസെന്റീവും അനുവദിച്ചിട്ടുണ്ട്. ആകെ പത്തു പരമ്പരകളിലായി വില്പന പുരോഗതിക്കനുസരിച്ചു 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കാവുന്ന തരത്തിലാണ് സമ്മാനഘടന.

വകുപ്പിലെ രജിസ്ട്രേഡ് ഏജന്റുമാർക്കു മാത്രമേ വകുപ്പ് നേരിട്ട് വില്പന നടത്താറുള്ളു. പ്ലാറ്റുഫോമുകൾ, ഡിജിറ്റൽ പേയ്മെന്റ് ലിങ്കുകൾ എന്നിവ വഴി ടിക്കറ്റ് വാങ്ങരുതെന്നും ഭാഗ്യക്കുറി വകുപ്പ് അറിയിച്ചു.

# ആഴക്കടൽ മൽസ്യബന്ധനത്തിന് പുതിയ കാൽ വെയ്പ്: പീറ്റർ മത്യാസ്

കേന്ദ്ര സർക്കാരിന്റെ ചരിത്രപരമായ ഒരു സുപ്രധാന തീരുമാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിന്റെ സന്തോഷവും അഭിമാനവും നിങ്ങളുമായി പങ്കുവെക്കുകയാണ്.

കഴിഞ്ഞ 9/7/2026ൽ ഒറീസയിലെ ഭുവനേശ്വറിൽ വച്ച് കേന്ദ്ര സർക്കാരിന്റെ ആഭിമുഖ്യത്തിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വലിയ ചടങ്ങ് സംഘടിപ്പിക്കപ്പെടുകയുണ്ടായി.



ഇന്ത്യൻ മത്സ്യത്തൊഴിലാളികൾക്ക് നാളിതുവരെ മത്സ്യബന്ധനം നടത്തുവാൻ അനുവാദമില്ലാതിരുന്ന എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിന് പുറത്തുള്ള അന്താരാഷ്ട്ര സമുദ്ര അതിർത്തിയിൽ (High Sea / International Waters) മത്സ്യബന്ധനത്തിന് അനുമതി നൽകുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

ഇതിന്റെ ഭാഗമായി, രാജ്യാന്തര തലത്തിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ആദ്യ ലെറ്റർ ഓഫ് ഓതറൈസേഷൻ (ഘഛഅ) വിതരണം ചെയ്യാനും സർക്കാർ തീരുമാനിച്ചു. രാജ്യത്തെ 9 തീരദേശ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓരോരുത്തർക്കാണ് ആദ്യമായി ഈ ചരിത്രപ്രധാനമായ ഘഛഅ നൽകിയത്. അങ്ങേയറ്റം അഭിമാനത്തോടെ പറയട്ടെ, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ പ്രതിനിധീകരിച്ച് ഈ സുവർണ്ണാവസരം ആദ്യമായി ലഭിച്ചത് എനിക്കാണ്!

ഭുവനേശ്വറിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച്, ബഹുമാനപ്പെട്ട ഇന്ത്യൻ ഉപരാഷ്ട്രപതി ശ്രീ. സി. പി. രാധാകൃഷ്ണൻ സാറിന്റെ കരങ്ങളിൽ നിന്നും ഈ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങാൻ എനിക്ക് സാധിച്ചു. എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങളിൽ ഒന്നാണിത്.

ഈ വലിയ നേട്ടത്തിന് എന്നെ പ്രാപ്തനാക്കിയ ദൈവത്തോടും, കേന്ദ്രസംസ്ഥാന സർക്കാരുകളോടും, എന്റെ പ്രിയപ്പെട്ട മത്സ്യത്തൊഴിലാളി സുഹൃത്തുക്കളോടും കുടുംബത്തോടും ഞാൻ ഹൃദയം നിറഞ്ഞ രേഖപ്പെടുത്തുന്നു. ആഴക്കടലിലെ ഈ പുതിയ തുടക്കം നമ്മുടെ നാടിന്റെ മത്സ്യമേഖലയ്ക്ക് വലിയ പുരോഗതി സമ്മാനിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



# അമേരിക്കൻ സമ്പദ്‌വ്യവസ്ഥയുടെ അമരത്ത് ഇന്ത്യക്കാർ

## ഫെഡറൽ റിസർവിൽ രഘുറാം രാജന് സുപ്രധാന ചുമതല

വാഷിംഗ്ടൺ: അമേരിക്കയുടെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവിൻറെ പ്രവർത്തനങ്ങളിലും ധനനയങ്ങളിലും വൻ അഴിച്ചുപണി നടത്തുന്നതിൻറെ ഭാഗമായി, മുൻ ആർബിഐ ഗവർണർ രഘുറാം രാജൻ ഉൾപ്പെടെയുള്ള മൂന്ന് ഇന്ത്യക്കാരെ നിർണായക പദവികളിൽ നിയമിച്ചു. ഫെഡറൽ റിസർവ് ചെയർമാൻ കെവിൻ വാർഷ് പ്രഖ്യാപിച്ച അഞ്ച് ടാസ്ക് ഫോഴ്സുകളിലേക്കാണ് ഇവരെ തെരഞ്ഞെടുത്തത്.

രഘുറാം രാജന് പുറമെ ഹാർവാർഡ് സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്രജ്ഞൻ രാജ് ചെട്ടി, മൈക്രോസോഫ്റ്റ് എക്സ്ബോക്സ് സിഇഒ ആശ ശർമ എന്നിവരാണ് നിയമിക്കപ്പെട്ട മറ്റ് രണ്ട് ഇന്ത്യക്കാർ. യുഎസ് സമ്പദ്‌വ്യവസ്ഥയിൽ ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ സ്വാധീനം, തൊഴിൽ വിപണിയിലെ മാറ്റങ്ങൾ, പണപ്പെരുപ്പം തുടങ്ങിയവ വിശകലനം ചെയ്ത് ഫെഡറൽ റിസർവിന് ആവശ്യമായ നിർദേശങ്ങൾ സമർപ്പിക്കുകയാണ് ഈ സമിതികളുടെ ലക്ഷ്യം. രഘുറാം രാജൻ ഫെഡറൽ റിസർവിൻറെ 'ബാലൻസ് ഷീറ്റ് പോളിസി' ടാസ്ക് ഫോഴ്സിനെ നയിക്കും. സാമ്പത്തിക വിവരങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള സമിതിയിൽ രാജ് ചെട്ടിയും, ഉത്പാദനക്ഷമതയും തൊഴിൽ മേഖലയും പരിശോധിക്കുന്ന സമിതിയിൽ ആശ ശർമയും പ്രവർത്തിക്കും. സാമ്പത്തിക രംഗത്തെ പ്രമുഖരായ വിദഗ്ധരെ ഉൾപ്പെടുത്തി ഫെഡറൽ റിസർവിൻറെ പ്രവർത്തനങ്ങളിൽ പുതുമ കൊണ്ടുവരാനാണ് ഈ നീക്കത്തിലൂടെ അമേരിക്ക ലക്ഷ്യമിടുന്നത്.

# കൊച്ചി അൽ റീം ഹോട്ടലിലെ ഭക്ഷ്യവിഷബാധ: മൂന്നു പേർക്കു ഷിഗെല്ല; കേസെടുത്തു

കൊച്ചി: കതൃക്കടവിലുള്ള 'അൽ റീം' റസ്റ്ററൻറിൽനിന്നു ഭക്ഷണം കഴിച്ചവർക്കു ഭക്ഷ്യവിഷബാധയേറ്റ സംഭവത്തിൽ മൂന്നു പേർക്കു ഷിഗെല്ല സ്ഥിരീകരിച്ചു. രോഗബാധ ഔദ്യോഗികമായി സ്ഥിരീകരിച്ച സാഹചര്യത്തിൽ ഹോട്ടലിനെതിരെ എറണാകുളം നോർത്ത് പോലീസ് കേസെടുത്തു.

പുണിത്തുറ സ്വദേശി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. സുരക്ഷാ വീഴ്ചയെത്തുടർന്ന് ഈ ഹോട്ടൽ ഭക്ഷ്യസുരക്ഷാവകുപ്പ് നേരത്തെതന്നെ പൂട്ടിപ്പിച്ചിരുന്നു.

ഈ മാസം 10, 11 തീയതികളിൽ ഹോട്ടലിൽനിന്നു ഭക്ഷണം കഴിച്ച 40 ഓളം ആളുകളാണ് കടുത്ത ദേഹാസ്വാസ്ഥ്യത്തെത്തുടർന്ന് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയത്. ആദ്യ രണ്ടു ദിവസങ്ങളിൽ 32 പേരും തൊട്ടടുത്ത ദിവസം എട്ടു പേരും ചികിത്സ തേടി.

ഇവരിൽ ആദ്യം ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട 15 പേരുടെ സാമ്പിളുകൾ പരിശോധിച്ചതിലാണ് മൂന്നു പേർക്കു ഷിഗെല്ല സ്ഥിരീകരിച്ചത്. പൊന്നുരുന്നി, നെട്ടൂർ, മലയിടംതുരുത്ത് സ്വദേശികളായ മൂന്നു പേരുടെ പരിശോധനാ ഫലമാണ് പോസിറ്റീവായതെന്നു ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും ഹോട്ടലിൽ വിശദമായ പരിശോധനകൾ തുടരുകയാണ്. ഷിഗെല്ല ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയ സാഹചര്യത്തിൽ വരും ദിവസങ്ങളിൽ കൂടുതൽ ആളുകളുടെ പരിശോധനാ ഫലങ്ങൾ പുറത്തുവരാനുണ്ട്.

# കൊച്ചിയിൽ ഇഡിയുടെ നിർണായക യോഗം; പ്രധാന കേസുകളുടെ സ്ഥിതിഗതികൾ വിലയിരുത്തും

കൊച്ചി: എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിൻറെ ദക്ഷിണ മേഖലാ മേധാവിയുടെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ നിർണായക അവലോകന യോഗം കൊച്ചിയിൽ ചേരുന്നു. സിഎംആർഎൽ എക്സാലോജിക് സാമ്പത്തിക ഇടപാട് കേസ്, അവയവക്കച്ചവട കേസ് ഉൾപ്പെടെ നിലവിൽ അന്വേഷണം പുരോഗമിക്കുന്ന പ്രധാന കേസുകളുടെ സ്ഥിതിഗതികൾ യോഗത്തിൽ വിലയിരുത്തും.

സിഎംആർഎൽ എക്സാലോജിക് സാമ്പത്തിക ഇടപാട് കേസിൽ അന്വേഷണത്തിൻറെ തുടർനടപടികളാണ് പ്രധാനമായും ചർച്ചയാകുക. കേസുമായി ബന്ധപ്പെട്ട് ടി വീണയെ രണ്ടു തവണ ചോദ്യം ചെയ്തതിന് പിന്നാലെ കുടുംബത്തിൻറെ ആസ്തിവിവരങ്ങൾ ഇഡി ശേഖരിച്ചിട്ടുണ്ടെന്നാണ് വിവരം. തുടർ അന്വേഷണ നടപടികളെ കുറിച്ച് യോഗത്തിൽ തീരുമാനമുണ്ടാകുമെന്നാണ് സൂചന.

അതേസമയം, അവയവക്കച്ചവട കേസിലും അന്വേഷണം നിർണായക ഘട്ടത്തിലാണെന്നാണ് വിവരം. കേസുമായി ബന്ധപ്പെട്ട് ചില സ്വകാര്യ ആശുപത്രികൾക്ക് ബന്ധമുണ്ടെന്ന സംശയത്തിൻറെ അടിസ്ഥാനത്തിൽ ശേഖരിച്ച തെളിവുകളും യോഗത്തിൽ പരിശോധിക്കും. ആശുപത്രി മാനേജ്മെൻറ് പ്രതിനിധികളെയും ഡോക്ടർമാരെയും ചോദ്യം ചെയ്തതിലൂടെ ലഭിച്ച വിവരങ്ങളും വിലയിരുത്തും.

തുടരന്വേഷണത്തിൻറെ ഭാഗമായി ആരെയെല്ലാം ചോദ്യം ചെയ്യണമെന്ന് യോഗത്തിൽ തീരുമാനിക്കാനാണ് സാധ്യത. തിരുവനന്തപുരത്ത് ഇഡി ഉദ്യോഗസ്ഥർ ആക്രമിക്കപ്പെട്ട സംഭവവും യോഗത്തിൽ ചർച്ചയാകും. സംഭവത്തിലെ ഗൂഢാലോചന, തുടർ നിയമനടപടികൾ എന്നിവയും യോഗത്തിൽ പരിഗണിക്കുമെന്നാണ് വിവരം.

# ജോബ് ഡ്രൈവ്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന എംപ്ലോയ്ബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 18 രാവിലെ 11ന് ഒരു ജോബ് ഡ്രൈവ് സംഘടിപ്പിക്കുന്നു. കടകംപള്ളി മിനി സിവിൽ സ്റ്റേഷനിലെ നാലാമത്തെ നിലയിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ വച്ചാണ് ജോബ് ഡ്രൈവ്.

മിനിമം പത്താം ക്ലാസ് യോഗ്യത മുതൽ ബിരുദം, ബിരുദാനന്തര ബിരുദം, കഠക, ഉകജഘചഞങഅ, ഏചങ/അചങ/ഏഉഅ, ആടഇ ചഡഞടകചഏ, ഞടണ എന്നീ യോഗ്യതയുള്ളവരായ 40 വയസിൽ താഴെ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് രജിസ്റ്റർ ചെയ്തതിനു ശേഷം സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായി ജോബ് ഡ്രൈവിൽ പങ്കെടുക്കാം.

ടി ദിവസം നടത്തുന്ന ജോബ് ഫെയറിൽ നഴ്സ്, ഓപ്പറേഷൻ സൂപ്പർവൈസർ, ബിസിനസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്, റെസിഡന്റ് & കമ്മ്യൂണിറ്റി എൻഗേജ്മെന്റ് എക്സിക്യൂട്ടീവ്, സൈറ്റ് എൻജിനീയർ, ഹെൽത്ത് അസിസ്റ്റന്റ്സ്, കുക്ക്, സെക്യൂരിറ്റി, കിച്ചൻ അസിസ്റ്റന്റ്, ടു-വീലർ ടെക്നീഷ്യൻസ്, സർവീസ് അഡ്വൈസർ, ഫ്ലോർ സൂപ്പർവൈസർ, കസ്റ്റമർ റിലേഷൻസ് മാനേജർ, പി.ഡി.ഐ. ടെക്നീഷ്യൻ, സെയിൽസ് എക്സിക്യൂട്ടീവ്, നെറ്റ്വർക്ക് മാനേജർ, എ.ബി.ഡി.എം., ബി.എ., അഡ്വൈസർ എന്നീ തസ്തികകളിലേക്കാണ് അഭിമുഖം നടക്കുന്നത്.

ഒറ്റത്തവണയായി 300 രൂപ ഒടുക്കി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്ക് തിരുവനന്തപുരത്തെയും മറ്റു ജില്ലകളിലെയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനെ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ആഴ്ചതോറും നടത്തുന്ന അഭിമുഖങ്ങൾ/ജോബ്ഫെയർ എന്നിവയിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർഥികൾക്ക് അഭിമുഖങ്ങളിൽ പങ്കെടുത്ത് ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിന് ആവശ്യമായ സോഫ്റ്റ്സ്കിൽ/ കമ്പ്യൂട്ടർ പരിശീലനവും എംപ്ലോയബിലിറ്റി സെന്ററിൽ ലഭ്യമാക്കുന്നതാണ്. ഫോൺ നമ്പർ : 8921916220, 0471 2992609.

# സൈനികർക്ക് അപകീർത്തിയുണ്ടാക്കുന്നു; ജവാൻ റമ്മിൻെറ പേര് മാറ്റണമെന്ന ആവശ്യവുമായി മുഖ്യമന്ത്രിക്ക് പരാതി

തിരുവനന്തപുരം: സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന തദ്ദേശീയ മദ്യ ബ്രാൻഡായ ജവാൻ റമ്മിൻറെ പേര് മാറ്റണമെന്ന ആവശ്യവുമായി മുഖ്യമന്ത്രിക്ക് പരാതി. കോഴിക്കോട് എലത്തൂർ സ്വദേശിയും റിട്ടയേർഡ് തഹസിൽദാരുമായ രാജേന്ദ്രൻ നായരാണ് ഈ ആവശ്യവുമായി രംഗത്തെത്തിയിരിക്കുന്നത്.

രാജ്യത്തിൻറെ അതിർത്തി കാക്കുന്ന സൈനികരെ (ജവാന്മാരെ) ഒരു മദ്യ ബ്രാൻഡിന് പേരിട്ട് വിളിക്കുന്നത് അവരെ അപകീർത്തിപ്പെടുത്തുന്നതിന് തുല്യമാണെന്നാണ് പരാതിക്കാരൻറെ ആക്ഷേപം. എന്നാൽ ഈ ആരോപണങ്ങളെ പൂർണ്ണമായും തള്ളിക്കളയുകയാണ് ജവാൻറെ നിർമ്മാതാക്കളായ പൊതുമേഖലാ സ്ഥാപനം ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ്.

1937ൽ പ്രവർത്തനം ആരംഭിച്ച ഈ ചരിത്രപ്രസിദ്ധമായ കമ്പനിയിൽ ഉത്പാദിപ്പിച്ചിരുന്ന മദ്യം മുൻകാലങ്ങളിൽ ഇന്ത്യൻ മിലിട്ടറി കാൻറീനുകളിലും വിതരണം ചെയ്തിരുന്നു. ഇതിൽ സൈനികരെ അപകീർത്തിപ്പെടുത്തുന്ന യാതൊരു ഉദ്ദേശ്യവുമില്ലെന്നും കമ്പനി അധികൃതർ മറുപടി നൽകി. അതേസമയം കമ്പനി നൽകിയ ഈ വിശദീകരണം തൃപ്തികരമല്ലെന്നാണ് പരാതിക്കാരനായ രാജേന്ദ്രൻ നായർ വ്യക്തമാക്കുന്നത്.

# കഞ്ചാവ് കഴിച്ചു കുഴഞ്ഞുവീണു; സ്കോട്ട്ലൻഡിലെ പർവതത്തിൽ നിന്ന് നായയ്ക്ക് പുതുജീവൻ

ഫോർട്ട് വില്യം: സ്കോട്ട്ലൻഡിലെ ഏറ്റവും ഉയർന്ന പർവതമായ 'ബെൻ നെവിസിൽ' വച്ച് അബദ്ധത്തിൽ കഞ്ചാവ് കഴിച്ച് അവശനിലയിലായ 'ടോക്കിയോ' എന്ന ലാബ്രഡോർ ഇനത്തിൽപ്പെട്ട നായയെ രക്ഷാപ്രവർത്തകർ സുരക്ഷിതമായി താഴെ എത്തിച്ചു. ഹൈക്കിംഗിനിടെ പെട്ടെന്ന് അവശയായ നായ, വഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലുണ്ടായിരുന്ന കഞ്ചാവ് അബദ്ധത്തിൽ കഴിച്ചതാകാം അസുഖത്തിന് കാരണമെന്ന് ഡോക്ടർമാർ സംശയിക്കുന്നു.

സറേ സ്വദേശിയായ ക്രിസ്റ്റീന ബ്ലൂം എന്ന പരിശീലകയുടെ നായയാണ് ടോക്കിയോ. മലകയറ്റത്തിനിടയിൽ പെട്ടെന്ന് ടോക്കിയോ കുഴഞ്ഞുവീഴുകയായിരുന്നു. നായയുടെ കാലുകൾ തളരുകയും ഇടയ്ക്കിടെ ബോധം മറയുകയും ചെയ്തതോടെ തനിക്ക് ടോക്കിയോയെ നഷ്ടപ്പെടുമെന്ന് ഭയന്നതായും ക്രിസ്റ്റീന പറഞ്ഞു.

തുടർന്ന് ലോച്ചാബർ മൗണ്ടൻ റെസ്ക്യൂ ടീം സ്ഥലത്തെത്തി, 25 കിലോ ഭാരമുള്ള ടോക്കിയോയെ സ്ട്രെച്ചറിൽ കിടത്തി താഴെ എത്തിക്കുകയായിരുന്നു. രക്ഷാപ്രവർത്തകരുടെ ഇടപെടലിനെയും ക്രിസ്റ്റീന പ്രശംസിച്ചു. അവരുടെ സഹായമില്ലായിരുന്നെങ്കിൽ നായയെ സുരക്ഷിതമായി താഴെ എത്തിക്കാൻ സാധിക്കില്ലായിരുന്നുവെന്നും അവർ കൂട്ടിച്ചേർത്തു. നിലവിൽ ടോക്കിയോ പൂർണ ആരോഗ്യവതിയാണ്.

# വാഗമണ്ണിൽ കുട്ടികൾക്ക് നേരെ ലൈംഗികാതിക്രമം: ബന്ധുവായ ഇരുപതുകാരിക്കെതിരേ കേസ്

ഇടുക്കി: വാഗമണ്ണിൽ ആറും എട്ടും വയസുള്ള കുട്ടികളെ ലൈംഗികമായി അതിക്രമിച്ച കേസിൽ ബന്ധുവായ ഇരുപതുകാരിക്കെതിരേ കേസെടുത്തു. പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയെങ്കിലും കോടതിയിൽ നിന്ന് മുൻകൂർ ജാമ്യം ലഭിച്ചിരുന്നതിനാൽ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

കേസിൽ പോലീസിൻറെ ഭാഗത്തുനിന്ന് ഗുരുതര വീഴ്ചയുണ്ടായെന്നും പ്രതിക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ പോലീസ് അറസ്റ്റ് വൈകിച്ചതാണെന്നും ആരോപിച്ച് കുട്ടികളുടെ കുടുംബം രംഗത്തെത്തി. കഴിഞ്ഞ മേയ് 10, 16 തീയതികളിലാണ് കുട്ടികൾക്ക് നേരെയുണ്ടായ അതിക്രമത്തിൽ കേസെടുത്തത്. എന്നാൽ ജൂൺ 21ന് മാത്രമാണ് പോലീസ് പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്താൻ തയാറായത്. അതേസമയം പോലീസിൻറെ ഈ നിസംഗതയാണ് പ്രതിക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ സഹായകരമായതെന്ന് കുടുംബം ആരോപിച്ചു. പരാതി നൽകിയതിന് പിന്നാലെ പോലീസ് ഉദ്യോഗസ്ഥർ തങ്ങളോട് വളരെ മോശമായാണ് പെരുമാറിയതെന്നും കുട്ടികളുടെ കുടുംബം പ്രതികരിച്ചു. കേസിൽ കൃത്യമായ അന്വേഷണം നടക്കണമെന്നും തങ്ങൾക്ക് നീതി ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് കുടുംബം ആഭ്യന്തരമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്.

# എം. ബി. എ ഒഴിവുള്ള സംവരണ സീറ്റിലേക്ക് അപേക്ഷിക്കാം

ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ (ട്രാവൽ & ടൂറിസം) 2026-28 ബാച്ചിലേക്ക് സംവരണ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള സീറ്റിൽ ഏതാനും സീറ്റ് ഒഴിവുണ്ട്. ജൂലൈ 20ന് മുമ്പ് അപേക്ഷിക്കണം. സംവരണ വിഭാഗത്തിൽപ്പെട്ട എസ്.സി/ എസ്.ടി വിദ്യാർഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും.

50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദവും KMAT/ CMAT/ CAT പ്രവേശന പരീക്ഷ പാസായവർക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9645176828, 9446529467.

# കടം വാങ്ങിയ രൂപ തിരികെ നൽകുന്നതിനെ ചൊല്ലി തർക്കം; യുവതിയെ തീക്കൊളുത്തി കൊന്ന അയൽക്കാരനും പൊള്ളലേറ്റു

ഗാന്ധിനഗർ: ഗുജറാത്തിലെ പഠാൻ ജില്ലയിൽ കടം വാങ്ങിയ രൂപ തിരികെ നൽകുന്നതിനെ ചൊല്ലിയുള്ള തർക്കത്തെത്തുടർന്ന് യുവതിയെ അയൽവാസി പെട്രോളൊഴിച്ച് തീകൊളുത്തി കൊലപ്പെടുത്തി. പിങ്കിബെൻ പട്നി (35) യെയാണ് അയൽക്കാരൻ ബാബുഭായ് രാവൽ കൊലപ്പെടുത്തിയത്.

ഭർത്താവ് മരിച്ച് ഏഴു വർഷമായി രണ്ട് മക്കളുമായി തനിച്ചായിരുന്നു പിങ്കിബെൻ താമസം. വീട്ടുചെലവുകൾക്കായി ഒരു മാസം മുമ്പാണ് പിങ്കിബെൻ ബാബുഭായിൽ നിന്ന് 5,000 രൂപ കടം വാങ്ങിയത്. ഇതിൻറെ പലിശ പിരിച്ചെടുക്കാൻ പ്രതി സ്ഥിരമായി വീട്ടിലെത്തി ശല്യം ചെയ്യാറുണ്ടായിരുന്നുവെന്ന് ബന്ധുക്കൾ ആരോപിച്ചു.

തർക്കം ഒത്തുതീർപ്പാക്കാമെന്ന് പറഞ്ഞ് ബാബുഭായ് പിങ്കിബെന്നിനെ ജിതുഭായ് പാഞ്ചാൽ എന്ന യുവാവിൻറെ വീടിനടുത്തേക്ക് വിളിച്ചുവരുത്തുകയായിരുന്നു. പണം സംഘടിപ്പിക്കാൻ രണ്ടുദിവസം കൂടി സമയം വേണമെന്ന് പിങ്കിബെൻ ആവശ്യപ്പെട്ടെങ്കിലും പ്രതി സമ്മതിച്ചില്ല. തുടർന്ന് ഒരുമിച്ച് ചായ കുടിക്കാമെന്നും പറഞ്ഞ് പോയ പ്രതി തിരികെയെത്തിയത് പെട്രോൾ കുപ്പിയുമായായിരുന്നു. ജിതുഭായുമായി സംസാരിച്ചു നിൽക്കുകയായിരുന്ന പിങ്കിബെന്നിൻറെ മേൽ പ്രതി പെട്രോളൊഴിച്ച് തീ കൊളുത്തി.

ഗുരുതരമായി പൊള്ളലേറ്റ യുവതിയെ ധാർപൂർ സിവിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി ജൂലൈ 12 നാണ് പോലീസ് അറിഞ്ഞത്. യുവതിയുടെ നില വഷളാകുന്നതിന് മുൻപ് പോലീസ് മൊഴി രേഖപ്പെടുത്തിയിരുന്നു. പിന്നീട് വിദഗ്ധ ചികിത്സയ്ക്കായി അഹമ്മദാബാദ് സിവിൽ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ചികിത്സയിലിരിക്കെ യുവതി മരണത്തിന് കീഴടങ്ങുകയായിരുന്നു.

ആക്രമണത്തിനിടെ ബാബുഭായ്ക്കും ഗുരുതരമായി പൊള്ളലേറ്റിട്ടുണ്ട്. ഇയാൾ ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.

സംഭവസമയം സ്ഥലത്തുണ്ടായിരുന്ന ജിതുഭായിയുടെ പങ്കിനെക്കുറിച്ചും അന്വേഷിക്കണമെന്ന് യുവതിയുടെ സഹോദരി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിക്കെതിരെ പോലീസ് കൊലക്കുറ്റത്തിന് കേസെടുത്തു. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# ഇന്ത്യയിലെ മികച്ച 50 ഇടത്തരം തൊഴിലിടങ്ങളുടെ പട്ടികയിൽ ടെക്നോപാർക്ക് കമ്പനി റിഫ്ളക്ഷൻസ്

തിരുവനന്തപുരം: ടെക്നോപാർക്കിലെ പ്രമുഖ ഇന്നവേഷൻ ടെക്നോളജി സേവന ദാതാക്കളായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് ഗ്രേറ്റ് പ്ലേസ് ടു വർക്ക് (ജിപിടിഡബ്ല്യു) അംഗീകാരം. ഇന്ത്യയിലെ മികച്ച 50 തൊഴിലിടങ്ങളിൽ (മിഡ്-സൈസ്) 24 -ാം സ്ഥാനത്തേക്കാണ് റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് തിരഞ്ഞെടുക്കപ്പെട്ടത്. മികച്ച തൊഴിലിട സംസ്കാരമുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന ആഗോള അതോറിറ്റിയാണ് ജിപിടിഡബ്ല്യു.

മുംബൈയിൽ നടന്ന ഗ്രേറ്റ് പ്ലേസ് ടു വർക്ക് അംഗീകാര ചടങ്ങിൽ റിഫ്ലക്ഷൻസ് ഇൻഫോ സിസ്റ്റംസിൻറെ ടാലൻറ് അക്വിസിഷൻ അസോസിയേറ്റ് മാനേജർ റോഷ്നി സുരേഷ്, ചീഫ് ആർക്കിടെക്റ്റും ടെക്നോളജി പ്രാക്ടീസസ് മേധാവിയുമായ മുഹമ്മദ് ഹസീൽ, പീപ്പിൾ ആൻഡ് കൾച്ചർ മേധാവി ജിതിൻ ചക്കാലക്കൽ എന്നിവർ അവാർഡ് ഏറ്റുവാങ്ങി.

തുടർച്ചയായ മൂന്നാംവർഷമാണ് റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് ഇന്ത്യയിലെ മികച്ച 50 ഇടത്തരം കമ്പനികളിൽ ഒന്നെന്ന ജിപിടിഡബ്ല്യു വിൻറെ അംഗീകാരം ലഭിക്കുന്നത്.

ജീവനക്കാർക്ക് ലഭിക്കുന്ന മികച്ച അനുഭവങ്ങളിലൂടെ സുസ്ഥിരമായ ബിസിനസ്സ് വളർച്ച ആരംഭിക്കുമെന്ന് വിശ്വസിക്കുന്നതായി റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിൻറെ പീപ്പിൾ ആൻഡ് കൾച്ചർ മേധാവി ജിതിൻ ചക്കാലക്കൽ പറഞ്ഞു. റിഫ്ളക്ഷൻസിലെ ജീവനക്കാർക്ക് ലഭിക്കുന്ന മികച്ച അനുഭവങ്ങളുടേയും സ്ഥിരതയുടേയും പ്രതിഫലനമാണ് തുടർച്ചയായ മൂന്നാം വർഷം ലഭിക്കുന്ന ജിപിടിഡബ്ല്യു സർട്ടിഫിക്കേഷൻ.

റിഫ്ളക്ഷൻസിലെ ജീവനക്കാർക്ക് നല്ല അനുഭവങ്ങൾ നല്കുന്നതിനായി വിവിധ കാര്യങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനൊപ്പം ചില പരിഷ്കാരങ്ങളും കൊണ്ടുവരാറുണ്ട്. ഞങ്ങളുടെ ടീമിലെ ജീവനക്കാരുടെ പിന്തുണയോടെയാണ് അത് നടപ്പിലാക്കുന്നത്.

ആഗോളതലത്തിൽ വികസിക്കുന്നതിനാവശ്യമായ നവീകരണവും ചടുലതയും നിറഞ്ഞ പ്രവർത്തനങ്ങളാണ് റിഫ്ളക്ഷൻസിനെ മുന്നോട്ട് നയിക്കുന്നത്. ഇതിനായി പ്രവർത്തിക്കുന്ന ഓരോ ജീവനക്കാരോടും നന്ദിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലോകത്തിലെ ഏറ്റവും മികച്ച ബ്രാൻഡുകളുടെ സാങ്കേതിക നവീകരണത്തിൽ പങ്കാളിയാകുന്ന എഐ അധിഷ്ഠിത നൂതന ഡിജിറ്റൽ എഞ്ചിനീയറിംഗ് കമ്പനിയാണ് 2008-ൽ സ്ഥാപിതമായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്. ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ, എഐ, ഇൻഫർമേഷൻ സെക്യൂരിറ്റി എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള ആഗോള സാങ്കേതിക നവീകരണ സേവന ദാതാവാണിത്. ഉയർന്ന ഗുണനിലവാരത്തിനും സുരക്ഷയ്ക്കുമുള്ള ഐഎസ്ഒ 9001:2015, ഐഎസ്ഒ 27001:2022, പിസിഐ ഡിഎസ്എസ്, എസ്ഒസി 2 ടൈപ്പ് 2 സർട്ടിഫിക്കേഷനുകൾ കമ്പനി നേടിയിട്ടുണ്ട്.

ഗ്രേറ്റ് പ്ലേസ് ടു വർക്ക് സർട്ടിഫിക്കേഷൻ തൊഴിലിടങ്ങളുടെ നിലവാരത്തിലെ ആഗോള മാനദണ്ഡമാണ്. ലോകത്തെമ്പാടുമുള്ള തൊഴിലിടങ്ങളുടെ നിലവാരം അളക്കാൻ ജിപിടിഡബ്ല്യു വിൻറെ സർട്ടിഫിക്കേഷൻ പ്രക്രിയയിലൂടെ സാധിക്കും.

# കാഴ്ച പരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിൽ ഒഴിവ്

തിരുവനന്തപുരം വഴുതക്കാടുള്ള കാഴ്ച പരിമിതർക്കായുള്ള സർക്കാർ വിദ്യാലയത്തിൽ വിവിധ ഒഴിവുകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ജൂലൈ 18 രാവിലെ 10 മുതൽ അഭിമുഖം നടക്കും. മെയിൽ ഗൈഡ്, അസിസ്റ്റന്റ് ടീച്ചർ എന്നീ തസ്തികയിൽ ഓരോ ഒഴിവുകൾ മാത്രമാണ് ഉള്ളത്. മെയിൽ ഗൈഡിന് എസ്.എസ്.എൽ.സി/ തത്തുല്യം, ഫോർ വീലർ ലൈസെൻസ്, ഹോസ്റ്റലിൽ താമസിച്ച് സേവനമനുഷ്ഠിക്കാൻ സന്നദ്ധരായിരിക്കണം. മുൻപരിചയം അഭികാമ്യം. അസിസ്റ്റന്റ് ടീച്ചർക്ക് ഡി.ടി.ബി, ബി.എഡ്, കെടെറ്റ്, മുൻപരിചയവും അഭികാമ്യം. പ്രാക്ടിക്കൽ പരീക്ഷ ഉണ്ടായിരിക്കും. ഉദ്യോഗാർഥികൾ ബയോഡാറ്റ, യോഗ്യത

എന്നിവയുമായി സ്കൂൾ ഓഫീസിൽ ഹാജരാകണം. ഫോൺ: 0471-2328184.

# ഗവർണറുടെ അപ്രീതി; ലക്നോ മെഡിക്കൽ യൂണിവേഴ്സിറ്റി മെസ്സുകളിൽ ഇനി നോൺവെജ് ഇല്ല

ലക്നോ : ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേലിൻറെ നിർദേശത്തെത്തുടർന്ന് ലക്നോവിലെ കിംഗ് ജോർജ് മെഡിക്കൽ യൂണിവേഴ്സിറ്റിയിലെ മുഴുവൻ ഹോസ്റ്റൽ മെസ്സുകളിലും ക്യാൻറീനുകളിലും മാംസാഹാരം പാകം ചെയ്യുന്നതിനും വിളമ്പുന്നതിനും നിരോധനം. യൂണിവേഴ്സിറ്റിയിലെ ബിരുദദാന ചടങ്ങിനിടെ നടത്തിയ പരിശോധനയിൽ മെസ്സുകളിലെ വൃത്തിഹീനമായ അന്തരീക്ഷം ഗവർണർ ചൂണ്ടിക്കാട്ടിയതിനെത്തുടർന്നാണ് നടപടി.

യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 18 ഹോസ്റ്റലുകളിലും ഇനി മുതൽ മാംസാഹാരം പാകം ചെയ്യാൻ പാടില്ലെന്ന് അധികൃതർ കർശന നിർദേശം നൽകി. രണ്ട് ഹോസ്റ്റലുകളിൽ ഉപയോഗശൂന്യമായ സുഗന്ധവ്യഞ്ജനങ്ങൾ കണ്ടെത്തിയതായും ഗവർണർ വിമർശിച്ചിരുന്നു. ഇത് അതീവ ഗൗരവകരമായ വീഴ്ചയാണെന്ന് വിലയിരുത്തിയ ഗവർണർ, ഭക്ഷണത്തിൻറെ ഗുണനിലവാരം മെച്ചപ്പെടുത്താനും പനീർ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ മികച്ച നിലവാരത്തിൽ ഉറപ്പാക്കാനും നിർദേശിച്ചു.

എന്നാൽ, വിദ്യാർത്ഥികൾക്ക് പുറത്തുനിന്ന് മാംസാഹാരം ഓർഡർ ചെയ്യുന്നതിനോ സ്വന്തമായി പാകം ചെയ്യുന്നതിനോ യാതൊരു തടസ്സവുമില്ലെന്ന് സർവ്വകലാശാല വക്താവ് വ്യക്തമാക്കി. മെസ്സുകളിൽ മാത്രം മാംസാഹാരം തയ്യാറാക്കരുതെന്ന് മാത്രമാണ് നിർദേശം. സർവകലാശാലാ മെസ്സുകളുടെ നടത്തിപ്പിലുള്ള ക്രമക്കേടുകളും വൃത്തിഹീനമായ സാഹചര്യങ്ങളും പരിഹരിക്കാനാണ് ഈ നടപടിയെന്ന് അധികൃതർ ന്യായീകരിക്കുന്നു.

മുൻപ് രാം മനോഹർ ലോഹിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലും സമാനമായ രീതിയിൽ മാംസാഹാരം വിളമ്പുന്നതിനെതിരെ ഗവർണർ അതൃപ്തി പ്രകടിപ്പിച്ചിരുന്നു.

# തൊഴിലധിഷ്ഠിത ടൂറിസം കോഴ്സ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ) പി.ജി ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്ന കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷിക്കാം. ബിരുദമാണ് അടിസ്ഥാന യോഗ്യത. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകും. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 22. കൂടുതൽ വിവരങ്ങൾക്ക്: ംംം.സശേലേറൗ.ീൃഴ, 0471 2329468, 2329539, 9809189940.

# പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിച്ച ഒരു വർഷം ദൈർഘ്യമുള്ള കെജിറ്റിഇ പ്രീപ്രസ് ഓപ്പറേഷൻ, കെജിറ്റിഇ പ്രസ് വർക്ക് 2026-27 കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ്ഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമാണ്. പ്രസ്തുത സർട്ടിഫിക്കറ്റുകൾ കെജിറ്റിഇ ഹയറിന് തുല്യമായി ഡിറ്റിപി ഓപ്പറേറ്റർ/ പ്രൂഫ് റീഡർ/ പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ് /ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് & ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം- 695024 എന്ന വിലാസത്തിൽ നേരിട്ട് എത്തണം. വിശദവിവരങ്ങൾക്ക്: 0471 2474720, 0471 2467728.

# ഡിജിറ്റൽ വിദ്യാഭ്യാസം പ്രാഥമികതലം മുതൽ ശക്തിപ്പെടുത്തും: മന്ത്രി എൻ ഷംസുദീൻ

ലോകത്തോടൊപ്പം സഞ്ചരിക്കാൻ കഴിയുന്ന പുതിയ തലമുറയെ വാർത്തെടുക്കാൻ പ്രാഥമികതലം മുതൽ ഡിജിറ്റൽ വിദ്യാഭ്യാസം ശക്തിപ്പെടുത്തുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി എൻ ഷംസുദീൻ പറഞ്ഞു. നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ലിറ്റിൽ കൈറ്റ്സ് സംസ്ഥാന-ജില്ലാതല അവാർഡ് വിതരണച്ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിർണായക പങ്കുവഹിക്കുന്നുണ്ട്. ഈ മാതൃകാപരമായ പ്രവർത്തനങ്ങൾ യു.പി., ഹയർ സെക്കൻഡറി തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. സർക്കാരിന്റെ നൂറുദിന കർമപരിപാടിയുടെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾക്ക് റോബോട്ടിക്സ് കിറ്റുകൾ വിതരണം ചെയ്ത് ആധുനിക ലാബുകൾ ഒരുക്കും. യു.പി. തലത്തിൽ ഡിജിറ്റൽ സ്കൂൾ പദ്ധതിയും സൈബർ സേഫ്റ്റി പ്രോട്ടോക്കോളും നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആഗോള മത്സരലോകത്തെ വെല്ലുവിളികളെ നേരിടാൻ വിദ്യാർഥികൾക്ക് പ്രാഥമികതലം മുതൽ ഡിജിറ്റൽ വിജ്ഞാനവും സാങ്കേതിക നൈപുണ്യവും ഉറപ്പാക്കുന്ന പദ്ധതികൾ കൂടുതൽ ശക്തിപ്പെടുത്തും.

ഹയർ സെക്കൻഡറി പ്രവേശനവുമായി ബന്ധപ്പെട്ട് സീറ്റ് ക്ഷാമം പരിഹരിക്കുന്നതിനായി 120 പുതിയ അഡീഷണൽ ബാച്ചുകൾ ആരംഭിക്കും. വിദ്യാർഥികൾക്ക് ആവശ്യമായ പഠനാവസരങ്ങൾ ഉറപ്പാക്കുന്നതിനാണ് ഈ തീരുമാനമെന്നും മന്ത്രി പറഞ്ഞു.

# പാർലമെൻറ് വർഷകാല സമ്മേളനം: പ്രധാനമന്ത്രിയുടെ വസതിയിൽ ബിജെപി ഉന്നതതല യോഗം

ന്യൂഡൽഹി: പാർലമെൻറിൻറെ വർഷകാല സമ്മേളനം ആരംഭിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിനിൽക്കെ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ബിജെപി ഉന്നതതല യോഗം ചേർന്നു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ, ദേശീയ ജനറൽ സെക്രട്ടറി (ഓർഗനൈസേഷൻ) ബി.എൽ. സന്തോഷ് തുടങ്ങിയ പ്രമുഖ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

ഈ മാസം 20ന് ആരംഭിച്ച് ഓഗസ്റ്റ് 13 വരെ നീണ്ടുനിൽക്കുന്നതാണ് പാർലമെൻറ് വർഷകാല സമ്മേളനം. യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളെക്കുറിച്ച് ഔദ്യോഗിക വിവരങ്ങളൊന്നും പുറത്തുവിട്ടിട്ടില്ലെങ്കിലും, വരാനിരിക്കുന്ന പാർലമെൻറ് സമ്മേളനത്തിലെ തന്ത്രങ്ങൾ, ബിജെപി ദേശീയ ഭാരവാഹികളുടെ മാറ്റം, കേന്ദ്ര മന്ത്രിസഭാ പുനഃസംഘടന എന്നിവ യോഗത്തിൽ ചർച്ചയായതായാണ് സൂചനകൾ.

സമ്മേളനത്തിൽ സ്വീകരിക്കേണ്ട പൊതുവായ തന്ത്രങ്ങൾ രൂപീകരിക്കുന്നതിനായി ജൂലൈ 21ന് എൻഡിഎ സഖ്യകക്ഷികളുടെ പ്രത്യേക യോഗവും ചേരുന്നുണ്ട്.

## ഡെപ്യൂട്ടേഷൻ നിയമനം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പത്തനംതിട്ട, കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന 51,400-1,10,300 ശമ്പള സ്കെയിലുള്ളവർക്കും അതിനു താഴെ 41,300-87,000 വരെ ശമ്പള സ്കെയിലുള്ളവർക്കും അപേക്ഷിക്കാം. ചട്ടപ്രകാരമുള്ള അപേക്ഷകൾ ജൂലായ് 28-ന് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കാഞ്ഞാണി റോഡ്, എസ്.എൻ. പാർക്ക്, പൂത്തോൾ പി.ഒ., തൃശ്ശൂർ, പിൻ: 680 004 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0487 2386871.

# ഫ്ലാറ്റിനുള്ളിൽ ഡോക്ടർ കുത്തേറ്റ് മരിച്ച നിലയിൽ; ഭാര്യ കസ്റ്റഡിയിൽ

ബെംഗളൂരു: ഫ്ലാറ്റിനുള്ളിൽ ഡോക്ടറെ കുത്തേറ്റ് മരിച്ച നിലയിൽ കണ്ടെത്തി. കർണാടകിലെ ധാർവാഡിലെ അതീവ സുരക്ഷയുള്ള ഫ്ലാറ്റ് സമുച്ചയത്തിലാണ് കൊലപാതകം നടന്നത്. കർണാടക ചിരായു ആശുപത്രിയിലെ അനസ്തേഷ്യോളജിസ്റ്റായ കിരൺ ഹൊനണ്ണവർ (45) ആണ് കൊല്ലപ്പെട്ടത്.

എട്ടു വയസുകാരനായ മകനെ കുത്തേറ്റ് ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുട്ടി നിലവിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. സംഭവവുമായി ബന്ധപ്പെട്ട് ഡോക്ടറുടെ ഭാര്യയും ഒഫ്താൽമോളജിസ്റ്റുമായ പ്രിയങ്കയെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്. സംഭവ സമയം കിരൺ, പ്രിയങ്ക, മകൻ എന്നിവർ മാത്രമാണ് ഫ്ലാറ്റിൽ ഉണ്ടായിരുന്നതെന്നും പുറത്തുനിന്ന് ആരും ഫ്ലാറ്റിലേക്ക് പ്രവേശിച്ചിട്ടില്ലെന്നാണ് സൂചനയെന്നും പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായെന്നു പോലീസ് അറിയിച്ചു. കിരണിനെ ബന്ധുക്കൾ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചപ്പോഴാണ് സംഭവം പുറത്തറിയുന്നത്.

ബന്ധുക്കൾ വിളിച്ചപ്പോഴെല്ലാം ഭർത്താവ് വിശ്രമിക്കുകയാണെന്നും പിന്നീട് പുറത്തുപോയെന്നും പറഞ്ഞ് പ്രിയങ്ക ഒഴിഞ്ഞുമാറുകയായിരുന്നു. വൈകുന്നേരമായിട്ടും കിരണിനെ ഫോണിൽ കിട്ടാതായതോടെ സംശയം തോന്നിയ ബന്ധുക്കൾ ഫ്ലാറ്റിലെത്തി പരിശോധിച്ചപ്പോഴാണ് ചോരയിൽ കുളിച്ചുകിടക്കുന്ന മൃതദേഹം കണ്ടെത്തിയത്. തൊട്ടടുത്ത മുറിയിൽ ഗുരുതരമായി പരിക്കേറ്റ് അവശനിലയിലായ കുട്ടിയെയും കണ്ടെത്തി. നിലവിൽ കസ്റ്റഡിയിലുള്ള പ്രിയങ്ക പരസ്പരവിരുദ്ധമായ മൊഴികളാണ് നൽകുന്നതെന്ന് പോലീസ് കമ്മീഷണർ വ്യക്തമാക്കി. ഫ്ലാറ്റിലെ സിസിടിവി ദൃശ്യങ്ങളും പോലീസ് പരിശോധിക്കും. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ കൊലപാതകത്തിൻറെ യഥാർഥ കാരണവും എപ്പോഴാണ് സംഭവമെന്നും വ്യക്തമാകൂ എന്ന് സബർബൻ പോലീസ് അറിയിച്ചു.

# ഓണവിപണി ഇടപെടൽ: സപ്ലൈകോയ്ക്ക് 253 കോടിയുടെ അടിയന്തര സഹായം

ഓണവിപണി നടത്തിപ്പിനായി സപ്ലൈകോയ്ക്കു സർക്കാർ 200 കോടിയും എഎവൈ വിഭാഗത്തിന് (മഞ്ഞ കാർഡ്) ഓണക്കിറ്റിനായി 53 കോടിയും ഉൾപ്പെടെ 253 കോടി രൂപ സർക്കാർ അടിയന്തരമായി അനുവദിച്ചു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബിന്റെ അഭ്യർഥനപ്രകാരം മുഖ്യമന്ത്രി വി ഡി സതീശന്റെ ഇടപെടലിനെ തുടർന്നാണ് നടപടി.

മുൻ സർക്കാരുകളൊന്നും ഇത്രയും തുക ഒന്നിച്ച് അനുവദിച്ചിരുന്നില്ലെന്നു ഭക്ഷ്യമന്ത്രി അറിയിച്ചു. പുതുക്കിയ ബജറ്റിൽ 315 കോടി രൂപ അനുവദിച്ചതിൽ 20 കോടി ആദ്യം ലഭിച്ചിരുന്നു.ചെലവഴിച്ചശേഷം കൂടുതൽ തുക ആവശ്യമുണ്ടെങ്കിൽ സർക്കാരിനെ വീണ്ടും സമീപിക്കാം. സർക്കാരിന്റെ വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കാനും വിലക്കയറ്റം നിയന്ത്രിക്കാനുമുള്ള മാർക്കറ്റ് ഇന്റർവെൻഷൻ സ്കീമിൽ നിന്ന് തുക അനുവദിക്കണമെന്നു ഭക്ഷ്യമന്ത്രി അഭ്യർഥിച്ചിരുന്നു.

## കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം

സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിനു വിധേയമായി സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലെ നിശ്ചിത ശതമാനം കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികൾക്കായി കേന്ദ്രീകൃത പ്രക്രിയയിലൂടെ അലോട്ട്മെന്റ് നടത്തും. വിശദവിവരങ്ങൾക്ക് ഹെൽപ് ലൈൻ: 0471-2332120 0471 2338487.

## കോഴ്സുകളിൽ സീറ്റൊഴിവ്

ഐ എച് ആർ ഡി, മോഡൽ ഫിനിഷിങ് സ്കൂളിൽ 6 മാസം / 1 വർഷം ദൈർഘ്യമുള്ള ഉഇഅ, ലൈബ്രറി സയൻസ്, ഡാറ്റാ എൻട്രി, എന്നീ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത: എസ് എസ് എൽ സി / പ്ലസ് ടു / ഡിഗ്രി. സൗകര്യപ്രദമായ സമയങ്ങളിൽ ഓൺലൈനിൽ ഉൾപ്പടെ ക്ലാസുകൾ ലഭ്യമാണ്. താല്പര്യമുള്ളവർക്ക് ഐ എച് ആർ ഡി മോഡൽ ഫിനിഷിങ് സ്കൂൾ, തിരുവനന്തപുരം (സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം ക്യാംപസ്, പി എം ജി ജംഗ്ഷൻ, തിരുവനന്തപുരം-33) നേരിട്ടെത്തി രജിസ്റ്റർ ചെയ്യാം. 9567298330, 8547005050.

# അംഗീകാരമില്ലാത്ത സ്കൂളുകളിലെ വിദ്യാർഥികളുടെ തുടർപഠനം, പ്രത്യേക ഇളവ് ഇക്കൊല്ലം മാത്രം

അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 2026 - 2027 അധ്യയന വർഷത്തേക്ക് മാത്രം ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി സി) ഇല്ലാതെ അംഗീകൃത സ്കൂളുകളിൽ പ്രവേശനത്തിന് സർക്കാർ പ്രത്യേക ഇളവ് അനുവദിച്ചു ഉത്തരവായി. അടുത്ത അധ്യയന വർഷം മുതൽ ഈ ആനുകൂല്യം ലഭിക്കില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

2009ലെ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കാൻ അനുമതിയില്ല. ഇത്തരം സ്കൂളുകളിൽ നിന്ന് ടി സി ലഭിക്കാത്ത സാഹചര്യത്തിലാണ് സർക്കാർ ഇത്തവണ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയത്. ഇതനുസരിച്ച് രണ്ട് മുതൽ എട്ടാം ക്ലാസ് വരെ പ്രായത്തിന്റെ അടിസ്ഥാനത്തിലും, ഒൻപതും പത്തും ക്ലാസുകളിലേക്ക് പ്രായവും പ്രവേശന പരീക്ഷയും അടിസ്ഥാനമാക്കിയും പ്രവേശനം നൽകും.

എന്നാൽ 2027 മുതൽ ടി സി ഇല്ലാതെ പ്രവേശനത്തിന് ഇളവ് ഉണ്ടാകില്ലെന്നും, അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ ഈ വർഷം തന്നെ അംഗീകൃത സ്കൂളുകളിലേക്ക് മാറ്റിച്ചേർക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

# സംഭരണശാലകൾ ശാസ്ത്രീയമാക്കും: മന്ത്രി അനൂപ് ജേക്കബ്

സപ്ലൈകോ, എൻ.എഫ്.എസ്.എയുടെ കീഴിലുള്ള എല്ലാ സംഭരണശാലകളും ശാസ്ത്രീയമാക്കുമെന്ന് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. നിലവിലുള്ള ഗോഡൗണുകളുടെ സ്ഥിതി പരിശോധിക്കാനും മന്ത്രി നിർദ്ദേശിച്ചു. നൂറുദിന കർമ്മപരിപാടിയുടെ വകുപ്പുതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പല ഗോഡൗണുകളും അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനാൽ സാധനങ്ങൾ നശിച്ചുള്ള നഷ്ടം അധികമാണ്. 175 ഗോഡൗണുകളിൽ ഏഴെണ്ണം മാത്രമാണ് സപ്ലൈകോയ്ക്ക് സ്വന്തമായുള്ളത്. പലതിനും കടമുറി സൗകര്യം മാത്രം. ഇവയിൽ ശാസ്ത്രീയമായ ഗോഡൗണുകളുടെ എണ്ണം അറിയിക്കാനും മന്ത്രി നിർദ്ദേശിച്ചു. നിലവിലുള്ള എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സപ്ലൈകോയിൽ തുടരും. 318 തസ്തികകൾ ലഭ്യമാക്കാൻ ധനവകുപ്പുമായി ചർച്ച നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

അപേക്ഷിക്കുന്ന അർഹരായ എല്ലാവർക്കും എഎവൈ മുൻഗണനാ കാർഡുകൾ നൽകും. അപേക്ഷാ തീയതി ജൂലൈ 20 വരെ നീട്ടി. നിലവിൽ 24,427 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

ആറ് മാവേലി സൂപ്പർ സ്റ്റോറുകളും രണ്ട് സൂപ്പർ മാർക്കറ്റുകളും എറണാകുളം വൈറ്റിലയിൽ കൺവീനിയന്റ് സ്റ്റോറും അടുത്ത മാസം ആദ്യം പ്രവർത്തന സജ്ജമാകും. എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ ഉറപ്പാക്കും. അതിനായി പട്ടിക നൽകാനും മന്ത്രി നിർദ്ദേശിച്ചു.

സ്കൂൾ/ കോളജ് തലത്തിലുള്ള കൺസ്യൂമർ ക്ലബ്ബുകളുടെ മാർഗരേഖ പരിഷ്കരിക്കും. ക്ലബ്ബിന്റെ പ്രവർത്തനത്തെ തൂഫാൻ പോലുള്ള പരിപാടികളുമായി ബന്ധിപ്പിക്കും. നൂറുദിന കർമപരിപാടിയുടെ ഭാഗമായി നടപ്പാക്കുന്ന 1,000 പുതിയ ക്ലബ്ബുകളിൽ 41 എണ്ണം ആരംഭിച്ചു. ബാക്കി അടുത്തമാസം എട്ടിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൺസ്യൂമർ ക്ലബ്ബുകൾ സജീവമാക്കാനുള്ള പ്രവർത്തനങ്ങളെപ്പറ്റി റിപ്പോർട്ട് നൽകാനും മന്ത്രി നിർദ്ദേശിച്ചു.

നിലവിലുള്ള 147ന് പുറമെ, 28 ഉന്നതികളിലേക്ക് കൂടി ഭക്ഷ്യധാന്യങ്ങൾ എത്തിക്കും. അവർക്കെല്ലാം ആഗസ്റ്റിലെ റേഷൻ വിതരണം വാതിൽപ്പടിയായി എത്തിക്കും. സംസ്ഥാനതല ഫ്ലാഗ്ഓഫ് കാസർഗോഡ് നടത്തും.

ഒരുവർഷം കൊണ്ട് ഓട്ടോറിക്ഷകളുടെ മീറ്റർ വെരിഫിക്കേഷൻ 15 കിലോമീറ്റർ പരിധിക്കുള്ളിലാക്കുമെന്നും മന്ത്രി പറഞ്ഞു. ഓൺലൈനായി ബുക്ക് ചെയ്യാനുള്ള പോർട്ടൽ കൈകാര്യം ചെയ്യാൻ ഓട്ടോതൊഴിലകളികൾക്കായി ലീഗൽ മെട്രോളജി വകുപ്പ് ബോധവൽക്കരണം നടത്തും.

ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ്, ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ കെ. ഹിമ, സപ്ലൈകോ എം.ഡി. ജയകൃഷ്ണൻ വി. മോഹൻ, ലീഗൽ മെട്രോളജി കൺട്രോളർ രാജേഷ് സാം, റേഷൻ കൺട്രോളർ മോഹൻ കുമാർ, പാഡി മാനേജർ സീനു ജോസഫ് തുടങ്ങിയവർ സംബന്ധിച്ചു.

# കെ.എസ്.ഇ.ബി പോസ്റ്റുകളിലെ കമ്യൂണിക്കേഷൻ കേബിളുകൾ: സുരക്ഷ ഉറപ്പാക്കാൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ പുറത്തിറക്കി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ (കെ.എസ്.ഇ.ബി) വൈദ്യുത പോസ്റ്റുകളിലും സ്വതന്ത്രമായി സ്ഥാപിച്ച പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുള്ള കേബിൾ ടി.വി., ഇന്റർനെറ്റ് സേവനദാതാക്കളുടെ കമ്യൂണിക്കേഷൻ കേബിളുകളുടെ സുരക്ഷ, നിയന്ത്രണം, നിരീക്ഷണം, അപകടകരമായ കേബിളുകൾ നീക്കം ചെയ്യൽ എന്നിവ ഉറപ്പാക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (എസ്.ഒ.പി.) സർക്കാർ പുറത്തിറക്കി.

തൂങ്ങിക്കിടക്കുന്ന കേബിളുകൾ പൊതുജനങ്ങൾക്ക് സൃഷ്ടിക്കുന്ന സുരക്ഷാ ഭീഷണി സംബന്ധിച്ച് മനുഷ്യാവകാശ കമ്മിഷൻ നൽകിയ നിർദേശത്തെ തുടർന്നാണ് സർക്കാർ നടപടി. ഇതിന്റെ ഭാഗമായി പൊലീസ്, തദ്ദേശസ്വയംഭരണം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ.എസ്.ഇ.ബി. എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ട സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് എസ്.ഒ.പി. രൂപീകരിച്ചത്.

എസ്.ഒ.പി. പ്രകാരം സംസ്ഥാനതലത്തിൽ ജില്ലാ, താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കും. ജില്ലാ തലത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധ്യക്ഷതയിലും താലൂക്ക് തലത്തിൽ തഹസിൽദാരുടെ അധ്യക്ഷതയിലുമാണ് കമ്മിറ്റികൾ പ്രവർത്തിക്കുക. കേബിൾ ശൃംഖലകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുക, അനധികൃതവും അപകടകരവുമായ കേബിളുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുക എന്നിവയാണ് ഇവയുടെ പ്രധാന ചുമതലകൾ.

കെ.എസ്.ഇ.ബി. പോസ്റ്റുകളിലോ സ്വതന്ത്ര പോസ്റ്റുകളിലോ സ്ഥാപിക്കുന്ന എല്ലാ അംഗീകൃത കമ്യൂണിക്കേഷൻ കേബിളുകളിലും ഓപ്പറേറ്ററുടെ പേര്, ലൈസൻസ്/രജിസ്ട്രേഷൻ നമ്പർ, അടിയന്തര ബന്ധപ്പെടാനുള്ള നമ്പർ, പ്രത്യേക തിരിച്ചറിയൽ കോഡ് എന്നിവ ഉൾപ്പെടുത്തിയ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള ടാഗ് നിർബന്ധമാക്കി.

കെ.എസ്.ഇ.ബി. പോസ്റ്റുകളിൽ അനധികൃത കേബിളുകൾ കണ്ടെത്തിയാൽ ബന്ധപ്പെട്ട കേബിൾ ടി.വി. ഓപ്പറേറ്റർക്കോ ഇന്റർനെറ്റ് സേവനദാതാവിനോ 15 ദിവസത്തിനകം നീക്കം ചെയ്യാൻ നോട്ടീസ് നൽകും. നിർദേശിച്ച സമയത്തിനുള്ളിൽ നീക്കം ചെയ്യാത്ത പക്ഷം കെ.എസ്.ഇ.ബി. തന്നെ കേബിളുകൾ മുറിച്ചുമാറ്റും. പൊതുസുരക്ഷയ്ക്ക് അടിയന്തര ഭീഷണിയാണെങ്കിൽ നോട്ടീസ് കാലാവധി പൂർത്തിയാകുന്നതിന് മുമ്പുതന്നെ കേബിളുകൾ നീക്കം ചെയ്യാനും വ്യവസ്ഥയുണ്ട്. സ്വതന്ത്ര പോസ്റ്റുകളിലെ അനധികൃത കേബിളുകൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ മേൽനോട്ടത്തിൽ നീക്കം ചെയ്യും.

താലൂക്ക് തലത്തിൽ തൂങ്ങിക്കിടക്കുന്ന കേബിളുകൾ, അപകടകരമായ സ്ഥാപനം, റോഡ് തടസ്സങ്ങൾ തുടങ്ങിയവ സംബന്ധിച്ച് പരാതികൾ നൽകാൻ പൊതുജനങ്ങൾക്ക് പ്രത്യേക പരാതി പരിഹാര സംവിധാനം ഒരു മാസത്തിനകം സജ്ജമാക്കും. അടിയന്തര അപകടസാധ്യതയുള്ള പരാതികൾ ആറു മണിക്കൂറിനകം പരിശോധിച്ച് 24 മണിക്കൂറിനകം നടപടി സ്വീകരിക്കണമെന്നും എസ്.ഒ.പി. നിർദേശിക്കുന്നു.

കേബിൾ ടി.വി. ഓപ്പറേറ്റർമാരും ഇന്റർനെറ്റ് സേവനദാതാക്കളും സാധുവായ ലൈസൻസുകളും അനുമതികളും നിലനിർത്തുകയും കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2023-ലെ സുരക്ഷാ ചട്ടങ്ങൾ പാലിക്കുകയും വേണം. കേബിളുകളുടെ സുരക്ഷിത പരിപാലനം, തൂങ്ങിക്കിടക്കുന്നത് ഒഴിവാക്കൽ, ഉപേക്ഷിക്കപ്പെട്ട കേബിളുകൾ നീക്കം ചെയ്യൽ, വാർഷിക സുരക്ഷാ സ്വയം സാക്ഷ്യപത്രം സമർപ്പിക്കൽ എന്നിവയും നിർബന്ധമാക്കിയിട്ടുണ്ട്.

2023-ലെ കേന്ദ്ര വൈദ്യുതി അതോറിറ്റി ചട്ടങ്ങൾ നിലവിൽ വന്നതിന് ശേഷം സ്ഥാപിക്കുന്ന എല്ലാ പുതിയ കമ്യൂണിക്കേഷൻ കേബിളുകൾക്കും പുതുക്കിയ സുരക്ഷാ അകല മാനദണ്ഡങ്ങൾ കർശനമായി ബാധകമായിരിക്കും. തുടർച്ചയായി സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ വൈദ്യുതി നിയമം, 2003, കേന്ദ്ര വൈദ്യുതി അതോറിറ്റി ചട്ടങ്ങൾ, ആവശ്യമായ സാഹചര്യങ്ങളിൽ ദുരന്തനിവാരണ നിയമം, 2005 എന്നിവ ഉൾപ്പെടെയുള്ള നിയമപ്രകാരം നടപടി സ്വീകരിക്കുമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നു.

# നാറ്റ്പാക്കിന്റെ സുവർണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു

സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് നാറ്റ്പാക്കിനെ കൂടുതൽ ശക്തിപ്പെടുത്തി പൊതുമരാമത്ത് വകുപ്പുമായി ഏകോപനം വർധിപ്പിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി കെ ബഷീർ പറഞ്ഞു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന്റെ (നാറ്റ്പാക്ക്) സുവർണ ജൂബിലി ആഘോഷം മാസ്കറ്റ് ഹോട്ടലിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

1976 ൽ രൂപീകൃതമായ നാറ്റ്പാക്ക് ഇന്ന് ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിൽ പഠനങ്ങളും ഇൻഫ്രാസ്ട്രക്ചർ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തുന്ന ദേശീയ പ്രാധാന്യമുള്ള സ്ഥാപനമായി വളർന്നു. എന്നാൽ കൺസൾട്ടൻസി ഏജൻസികളുടെ വർധനവിന്റെ പശ്ചാത്തലത്തിൽ നാറ്റ്പാക്ക് പോലുള്ള സ്ഥാപനങ്ങൾ പിന്തള്ളപ്പെടുന്ന സാഹചര്യമുണ്ടെന്നും അത് മാറ്റി സ്ഥാപനത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പുതിയ സർക്കാരിന്റെ കാഴ്ചപ്പാടനുസരിച്ച് പൊതുമരാമത്ത് വകുപ്പിൽ സമഗ്രമായ പരിഷ്കരണങ്ങൾ നടപ്പാക്കും. റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണത്തിൽ പതിറ്റാണ്ടുകൾ പഴക്കമുള്ള ഡിസൈനുകളും സ്ട്രക്ചറുകളും പിന്തുടരുന്ന രീതി അവസാനിപ്പിച്ച് വകുപ്പിലെ ഡിസൈൻ വിംഗും ആർക്കിടെക്ചറൽ വിംഗും ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. റോഡുകൾ, ഫ്ളൈഓവറുകൾ, ബൈപ്പാസുകൾ എന്നിവയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ വലിയ വെല്ലുവിളിയാണ്. ഭൂമി ഏറ്റെടുക്കലിൽ ഉണ്ടാകുന്ന പ്രതിഷേധങ്ങളും കാലതാമസവും കാരണം പദ്ധതികളുടെ ചെലവ് വർധിക്കുന്ന സാഹചര്യമുണ്ട്.

ജനങ്ങളുടെ സഹകരണത്തോടെ ഭൂമി സൗജന്യമായി വിട്ടുനൽകി റോഡ് വികസനം നടത്തുന്ന മലബാർ രീതി കൂടുതൽ വ്യാപിപ്പിക്കാനാകും. അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതു-സ്വകാര്യ മാതൃകയിലുള്ള പദ്ധതികൾക്കും സർക്കാർ പ്രാധാന്യം നൽകും. പുതിയ ആശയങ്ങളെയും വികസന നിർദേശങ്ങളെയും പൊതുമരാമത്ത് വകുപ്പ് പോസിറ്റീവായി സമീപിക്കും. പ്രവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ കേരളത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകാൻ കഴിയുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

സുവർണ ജൂബിലി ആഘോഷത്തിന്റെ ലോഗോ മന്ത്രി പ്രകാശനം ചെയ്തു. ഡിസംബറിൽ നടത്തുന്ന രാജ്യാന്തര കോൺക്ലേവ് ' ട്രാൻസ്ഫോം 2026' ന്റെ ലോഗോ റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ ന്യൂ ടെക്നോളജി ഫോർ ഹൈവേ ഡെവലപ്മെന്റ് ഡയറക്ടർ ബിദുർ കാന്ത് ഝായും ഗോൾഡൻ ജൂബിലിയോടനുബന്ധിച്ചുള്ള ആക്ടിവിറ്റി കലണ്ടർ വാർഡ് കൗൺസിലർ ക്ലീറ്റസും പ്രകാശനം ചെയ്തു. ഡോ. പി ഹരിനാരായണൻ അധ്യക്ഷനായ പ്രൊഫ. ആശാലത ആർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എസ് ഷഹീം തുടങ്ങിയർ സംസാരിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




# അജയ്യരായി അർജൻറീന; ഇനി ഫൈനൽ പോരാട്ടം

അറ്റ്ലാൻറ: ഫുട്ബോൾ മൈതാനത്ത് പോരാട്ടവീര്യത്തിൻറെ പുതിയ ചരിത്രമെഴുതി അർജൻറീന വീണ്ടുമൊരു ഫൈനലിലേക്ക് മാർച്ച് ചെയ്തിരിക്കുകയാണ്! മെസിപ്പടയുടെ ഈ ഫൈനൽ പ്രവേശനം വെറുമൊരു ജയമല്ല; മറിച്ച്, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആരാധകരുടെ നെഞ്ചിലേക്ക് ആവേശം കോരിയിട്ട സമാനതകളില്ലാത്ത ഒരു പടയോട്ടമാണ്.

'ഭാഗ്യം', 'റഫറിയുടെ ആനുകൂല്യം', അല്ലെങ്കിൽ 'എളുപ്പമുള്ള വഴി'.. അർജൻറീനയുടെ ജയങ്ങൾക്കൊപ്പം വിവാദങ്ങളും ആരോപണങ്ങളും ഉയരാറുണ്ട്. എന്നാൽ, കടുത്ത യാഥാർഥ്യങ്ങളെയും മൈതാനത്തെ കഠിനാധ്വാനത്തെയും തൊട്ടറിഞ്ഞവർക്ക് വ്യക്തമായി അറിയാം. എതിരാളികൾ പറയുന്നതുപോലെ അത്ര സൂത്രത്തിൽ കടന്നുകൂടിയതല്ല അർജൻറീന. ഇത് മൈതാനത്ത് അവർ ഒഴുക്കിയ കണ്ണീരിൻറെയും വിയർപ്പിൻറെയും ഫലമാണ്.

ടൂർണമെൻറിലുടനീളം കടുത്ത വെല്ലുവിളികളും പ്രതിരോധക്കോട്ടകളും തീർത്ത എതിരാളികളെയാണ് അർജൻറീനയ്ക്ക് നേരിടേണ്ടി വന്നത്. എന്നാൽ തോൽക്കാൻ മനസില്ലാത്ത 11 സിംഹങ്ങളെപ്പോലെയാണ് സ്കലോണിയുടെ കുട്ടികൾ ഓരോ മത്സരത്തിലും ബൂട്ട് കെട്ടിയത്.

പ്രായത്തെ വെല്ലുന്ന വീര്യവുമായി, മൈതാനത്ത് കാൽപ്പന്തിൻറെ മാന്ത്രികത തീർക്കുന്ന സാക്ഷാൽ ലയണൽ മെസിയുടെ സാന്നിധ്യം തന്നെയാണ് ഈ ടീമിൻറെ ഊർജം. ഓരോ പാസിലും ഓരോ നീക്കത്തിലും ആ ക്ലാസ് വ്യക്തമായിരുന്നു. ഗോളടിച്ചും ഗോളടിപ്പിച്ചും മൈതാനത്തിൻറെ ഓരോ ഇഞ്ചിലും മെസി നിറയുന്ന കാഴ്ച.

എന്നാൽ, ഇത് മെസിയുടെ മാത്രം ടീമല്ല, മറിച്ച്, മധ്യനിരയുടെ കഠിനാധ്വാനവും, എമിലിയാനോ മാർട്ടിനെസ് എന്ന കാവൽപ്പോരാളിയുടെ അസാധ്യ സേവുകളും ഒത്തുചേർന്ന ഒരു വൻമതിലാണ്.

അവസാന വിസിൽ മുഴങ്ങുന്നതുവരെ നെഞ്ചിടിപ്പോടെ മാത്രം കണ്ടുതീർക്കേണ്ട ഒന്നാണ് അർജൻറീനയുടെ മത്സരങ്ങൾ. തോൽവിയുടെ വക്കിൽ നിന്ന്, കളിയുടെ അവസാന നിമിഷങ്ങളിൽ ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയരുന്ന അവരുടെ ആ അവിശ്വസനീയമായ തിരിച്ചുവരവ് ഫുട്ബോൾ ലോകത്തെ മറ്റേത് ടീമിനേക്കാളും മനോഹരമാണ്. കഴിഞ്ഞ ലോകകപ്പിലെ കനൽവഴികളും, ഈ ലോകകപ്പിലെ പോരാട്ടങ്ങളും അതിന് അടിവരയിടുന്നു.

കഴിഞ്ഞ ഖത്തർ ലോകകപ്പിലെ ഏറ്റവും വലിയ അട്ടിമറികളിൽ ഒന്നായിരുന്നു ഗ്രൂപ്പ് ഘട്ടത്തിൽ സൗദി അറേബ്യക്കെതിരെ അർജൻറീന വഴങ്ങിയ ആ അവിശ്വസനീയമായ തോൽവി. അതിനു പിന്നാലെ അവർ നടത്തിയ ഗംഭീര തിരിച്ചുവരവാണ് ലോകകപ്പ് കിരീടം വരെ എത്തിച്ചത്. ഈ ലോകകപ്പിലും അർജൻറീന തങ്ങളുടെ ആ പഴയ 'കംബാക്ക്' ഡിഎൻഎ കൈവിട്ടിട്ടില്ല എന്ന് തെളിയിക്കുന്നതായിരുന്നു കഴിഞ്ഞ മത്സരങ്ങൾ. എതിരാളികൾ കടുത്ത പ്രതിരോധം തീർക്കുകയും, നിർണായക മത്സരങ്ങളിൽ ആദ്യം ഗോൾ നേടി അർജൻറീനയെ പ്രതിരോധത്തിലാക്കുകയും ചെയ്ത നിമിഷങ്ങൾ ഈ ലോകകപ്പിലുണ്ടായി. തങ്ങൾ ടൂർണമെൻറിൽ നിന്ന് പുറത്താകുമെന്ന ഘട്ടത്തിൽ പോലും അവർ പതറിയില്ല.

കളി അവസാനിക്കാൻ മിനിറ്റുകൾ മാത്രം ബാക്കിയുള്ളപ്പോൾ തന്ത്രങ്ങൾ മാറ്റിമെനഞ്ഞ്, ആക്രമണത്തിൻറെ മൂർച്ച കൂട്ടി, അവിശ്വസനീയമായ ഗോളുകളിലൂടെ കളി തിരിച്ചുപിടിക്കുന്ന മെസിപ്പടയെയാണ് ഈ ലോകകപ്പിലും നമ്മൾ കണ്ടത്.

കഴിഞ്ഞ ലോകകപ്പിലെ ഖത്തർ മണ്ണിലായാലും, ഈ ലോകകപ്പിലെ പുൽമൈതാനങ്ങളിലായാലും അർജൻറീന തെളിയിക്കുന്നത് ഒന്നുമാത്രം അവസാന സെക്കൻഡ് വരെ കളി ബാക്കിയുണ്ട്. ആ നീലയും വെള്ളയും ജേഴ്സിക്ക് പിന്നിൽ ഒരു ജനതയുടെ പ്രാർഥനയുള്ളിടത്തോളം കാലം, എത്ര പിന്നിലായാലും അവർ തിരിച്ചുവരിക തന്നെ ചെയ്യും.

ഇനി ലക്ഷ്യം ആ കിരീടം മാത്രമാണ്. കലാശപ്പോരിനായി വിസിൽ മുഴങ്ങട്ടെ, മൈതാനം പ്രകമ്പനം കൊള്ളട്ടെ, ഗാലറികൾ അലറിയാർക്കട്ടെ, കാൽപ്പന്ത് പോരാട്ടത്തിൻറെ പുതിയ ചരിത്രമെഴുതട്ടെ. വിമർശനങ്ങൾ ഗാലറിയിൽ ഇരുന്ന് സംസാരിക്കുന്നവർക്കുള്ളതാണ്; കിരീടങ്ങൾ മൈതാനത്ത് പോരാടുന്നവർക്കുള്ളതാണ്.

# കുഫോസിൽ എം.എസ്.സി. 2026–28 ബാച്ചിന് ഓറിയന്റേഷൻ പരിപാടിക്ക് തുടക്കമായി

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്) 2026 28 അധ്യയന വർഷത്തെ 12 ബിരുദാനന്തര (എം.എസ്.സി.) കോഴ്സുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കായി മൂന്ന് ദിവസത്തെ ഓറിയന്റേഷൻ പരിപാടിക്ക് തുടക്കമായി. സർവകലാശാലയുടെ അക്കാദമിക സംവിധാനം, ഗവേഷണ സാധ്യതകൾ, ക്യാമ്പസ് സൗകര്യങ്ങൾ, വിദ്യാർത്ഥി പിന്തുണാ സംവിധാനങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പരിചയം നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം.

ഐ.സി.എ.ആർ. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഇങഎഞക) ഡയറക്ടർ ഡോ. ആർ. എസ്. മഹേഷ് കുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. ലോകസമുദ്രത്തിന്റെ ഏകദേശം 80 ശതമാനവും ഇന്നും മനുഷ്യന് പൂർണമായി മനസ്സിലാക്കാനായിട്ടില്ലെന്നും, അതിനാൽ സമുദ്ര ഗവേഷണ രംഗത്ത് അനന്തമായ സാധ്യതകളാണ് തുറന്നു കിടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ബ്ലൂ ഇക്കോണമി ആഗോളതലത്തിൽ ശ്രദ്ധ നേടുന്ന സാഹചര്യത്തിൽ സുസ്ഥിര മത്സ്യബന്ധനം, അക്വാകൾച്ചർ, തീരദേശ ടൂറിസം, സമുദ്രാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ മേഖലകളിൽ കുഫോസിലെ വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും വലിയ പ്രസക്തിയാണുള്ളതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ ഡീപ് ഓഷ്യൻ മിഷൻ, സമുദ്രത്തിന്റെ 6,000 മീറ്റർ ആഴത്തിലേക്ക് മനുഷ്യരെ എത്തിക്കാൻ ലക്ഷ്യമിടുന്ന മത്സ്യ 6000 (ങഅഠടഥഅ 6000) ദൗത്യം എന്നിവയെ പരാമർശിച്ച അദ്ദേഹം ഉത്തരമില്ലാത്ത ശാസ്ത്രീയ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ കഴിയുന്ന ഗവേഷകരായി വളരണമെന്ന് അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞു.

ചടങ്ങിൽ അധ്യക്ഷത വഹിച്ച കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഇന്ത്യയിൽ മത്സ്യബന്ധനത്തിനും സമുദ്രപഠനത്തിനുമായി മാത്രം സ്ഥാപിതമായ ആദ്യ സർവകലാശാലയായ കുഫോസ് ഇന്ന് രാജ്യത്തെ ഈ മേഖലയിലെ മികച്ച സർവകലാശാലകളിലൊന്നായി വളർന്നിട്ടുണ്ടെന്നും ആ മികവ് നിലനിർത്തേണ്ടത് ഓരോ വിദ്യാർത്ഥിയുടെയും ഉത്തരവാദിത്തമാണെന്നും പറഞ്ഞു. ഉന്നത വിദ്യാഭ്യാസ സംവിധാനത്തിന്റെ അടിത്തറ വിദ്യാർത്ഥികളാണെന്നും, അവരെ അറിവും നൈപുണ്യവും നവീന ചിന്താശേഷിയും ഉള്ള പ്രൊഫഷണലുകളാക്കി മാറ്റുകയാണ് സർവകലാശാലകളുടെ ദൗത്യമെന്നും അദ്ദേഹം പറഞ്ഞു. പാഠ്യപദ്ധതിയിൽ ഒതുങ്ങാതെ വിപുലമായി വായിക്കാനും അറിവ് വികസിപ്പിക്കാനും, ഗവേഷണ മുൻഗണനകൾ തിരിച്ചറിയാനും, അക്കാദമികവ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്താനും, തുടർച്ചയായി പുതിയ കഴിവുകൾ ആർജിക്കാനും വിദ്യാർത്ഥികളോട് പറഞ്ഞു . അറിവ്, നെറ്റ്വർക്കിംഗ് (ഈീലരശേഴ്യ), നൈപുണ്യ വികസനം (ഡുസെശഹഹശിഴ) എന്നിവയാണ് ഇന്നത്തെ തൊഴിൽ വിപണിയിൽ വിജയിക്കാനുള്ള മൂന്ന് പ്രധാന ഘടകങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡോ. കെ. ദിനേശ്, ഡോ. രാധിക രാജശ്രീ എസ്. ആർ., ഡോ. സന്ദീപ് കുമാർ, ഡോ. മായ രാമൻ, ഡോ. രഞ്ജീത് കെ., ഡോ വി പി ലിംന മോൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അക്കാദമിക ചട്ടങ്ങൾ, ഗവേഷണ അവസരങ്ങൾ, സംരംഭകത്വം, നവീകരണം, വിദ്യാർത്ഥി ക്ഷേമം, റാഗിങ് വിരുദ്ധ ബോധവൽക്കരണം, മാനസികാരോഗ്യം, സർവകലാശാലയിലെ വിവിധ സൗകര്യങ്ങളുടെ പരിചയപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്ന സെഷനുകളാണ് മൂന്ന് ദിവസത്തെ ഓറിയന്റേഷൻ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരിക്കുന്നത്.

# പാചകവാതക സിലിണ്ടറുകൾ ഇ കൊമേഴ്സ് ആപ്പ് വഴി വീടുകളിലേക്ക്

ന്യൂഡൽഹി: പാചകവാതക സിലിണ്ടറുകൾ ഇനി ഇ കൊമേഴ്സ് ആപ്പ് വഴി വീടുകളിലേക്ക്. സ്വിഗിയുടെ ഇൻസ്റ്റാമാർട്ട് വഴിയാണ് സിലിണ്ടറുകൾ വിതരണം ചെയ്യാനൊരുങ്ങുന്നത്. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡുമായി (എച്ച്പിസിഎൽ) സ്വിഗി ഇതു സംബന്ധിച്ച് കരാർ ഒപ്പിട്ടു. രാജ്യത്ത് ഇതാദ്യമായാണ് ഇ കൊമേഴ്സ് ആപ്പ് വഴി എൽപിജി സിലിണ്ടർ വിതരണം ചെയ്യുന്നത്.

എച്ച്പിസിഎൽ പുതുതായി വിപണിയിലെത്തിച്ച 10 കിലോ ഭാരമുള്ള 'എച്ച്പി നവ്യ' എന്ന എൽപിജി സിലിണ്ടറുകൾ വീടുകളിലേക്ക് എത്താൻ പോവുകയാണ്. തുടക്കത്തിൽ ബെംഗളൂരുവിലാണ് ഈ സേവനം ലഭ്യമാകുക. എച്ച്പി നവ്യയ്ക്കു പുറമെ അഞ്ച് കിലോയുടെ എൽപിജി സിലിണ്ടറുകളും ഇൻസ്റ്റാ മാർട്ട് വഴി ഓർഡർ ചെയ്യാൻ സാധിക്കും.

നിലവിൽ ഗാർഹിക എൽപിജി കണക്ഷൻ ഇല്ലാത്തവർക്കും ഈ സേവനം പ്രയോജനപ്പെടുത്താം എന്നതാണ് പ്രധാന പ്രത്യേകത. ഉപഭോക്താക്കൾക്ക് ഇൻസ്റ്റാ മാർട്ട് ആപ്പ് വഴി സിലിണ്ടർ ഓർഡർ ചെയ്യാം. ആദ്യമായി വാങ്ങുന്നവർക്ക് ഇതു പുതിയ സിലിണ്ടർ പർച്ചേസ് ആയിട്ടായിരിക്കും ലഭിക്കുക.

പിന്നീട് റീഫിൽ ഓർഡറുകൾക്കായി ഡെലിവറി സമയത്ത് ഒഴിഞ്ഞ സിലിണ്ടർ തിരികെ നൽകിയാൽ മതിയാകും. എച്ച്പിസിഎല്ലിൻറെ അംഗീകൃത ഡിസ്ട്രിബ്യൂട്ടർ ശൃംഖല വഴിയാണ് വിതരണം നടത്തുന്നത്. ആദ്യത്തെ ഓർഡറിന് തിരിച്ചറിയൽ രേഖാ പരിശോധന നിർബന്ധമാണ്.

## പ്രവേശന തീയതി നീട്ടി

സ്കോൾ-കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് രണ്ടാം ബാച്ചിലേക്കുള്ള പ്രവേശന തീയതി നീട്ടി. 100 രൂപ പിഴയോടുകൂടി ഓഗസ്റ്റ് 17 വരെ ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷൻ മാർഗനിർദേശങ്ങൾ www.scolekerala.org യിൽ ലഭ്യമാണ്. ഓൺലൈനായി ഇതിനകം രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഓഫീസുകളിൽ നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കണം. അന്വേഷണങ്ങൾക്ക് സംസ്ഥാന, ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പരുകളിൽ ബന്ധപ്പെടണം. ഫോൺ 0471-2342950, 2342271.

# യുദ്ധത്തെ നേരിടാൻ സജ്ജമായിരിക്കണമെന്ന് ഇറാൻ; ചർച്ചയ്ക്ക് തയാറായില്ലെങ്കിൽ ആക്രമണം ശക്തമാക്കുമെന്ന് യുഎസ്

ടെഹ്റാൻ: നയതന്ത്ര നീക്കങ്ങൾ തുടരുമ്പോഴും യുദ്ധമുണ്ടായാൽ നേരിടാൻ സജ്ജമായിരിക്കണമെന്ന് ഇറാൻ പാർലമെൻറ് സ്പീക്കർ മുഹമ്മദ് ബാഗർ ഗാലിബാഫ്. ഇറാൻ ഒരിക്കലും യുദ്ധം ആഗ്രഹിക്കുന്നില്ലെന്നും എന്നാൽ രാജ്യത്തിൻറെ പരമാധികാരവും താൽപ്പര്യങ്ങളും സംരക്ഷിക്കാൻ അവസാന ശ്വാസം വരെ പോരാടാൻ ഒരുങ്ങിയിരിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ഇറാനും അമേരിക്കയും തമ്മിലുള്ള സംഘർഷം ഒരിടവേളയ്ക്ക് ശേഷം രൂക്ഷമാകുന്നതിനിടെയാണ് പ്രതിരോധത്തിനും നയതന്ത്രത്തിനും ഒരുപോലെ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഇറാൻറെ പ്രതികരണം.

ഇറാൻ ചർച്ചയ്ക്ക് തയാറായില്ലെങ്കിൽ വരും ദിവസങ്ങളിൽ വ്യോമാക്രമണം കൂടുതൽ ശക്തമാക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് കഴിഞ്ഞ ദിവസം മുന്നറിയിപ്പ് നൽകിയിരുന്നു. ചർച്ചകളിലേക്ക് ഇറാൻ മടങ്ങിയെത്തിയില്ലെങ്കിൽ അടുത്ത ആഴ്ച മുതൽ രാജ്യത്തെ ഊർജനിലയങ്ങളും പാലങ്ങളും ലക്ഷ്യമിട്ട് ആക്രമണം നടത്തുമെന്നാണ് ട്രംപിൻറെ ഭീഷണി. നിലവിൽ അമേരിക്കയുമായി ചർച്ചകൾ നടത്തുന്നതിനെക്കുറിച്ച് ഇറാൻ ആലോചിക്കുന്നില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് ഇസ്മായിൽ ബഖാഇ വ്യക്തമാക്കി.

## ഫിഫ ലോകകപ്പ്; ശുചിത്വ മിഷന്റെ പ്രവചന മത്സരം 19 വരെ

ഫിഫ ലോകകപ്പ് 2026-നോടനുബന്ധിച്ച് ശുചിത്വ മിഷൻ സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രവചന മത്സരം സംഘടിപ്പിക്കും. ഫുട്ബോൾ ആവേശത്തോടൊപ്പം ശുചിത്വ സന്ദേശവും കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം.

ലോകകപ്പ് ജേതാവാകുന്ന ടീമിനെ ശരിയായി പ്രവചനം നടത്തുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് 25,000 രൂപയുടെ ഒന്നാം സമ്മാനം ലഭിക്കും. കൂടാതെ, കേരളത്തിലെ 14 ജില്ലകളിൽ നിന്നായി ഓരോരുത്തർക്കും 5,000 വീതം പ്രോത്സാഹന സമ്മാനവും നൽകും.

മത്സരത്തിൽ പങ്കെടുക്കുന്നതിനായി ശുചിത്വ മിഷന്റെ ഫേസ്ബുക്ക് അല്ലെങ്കിൽ ഇൻസ്റ്റഗ്രാം പേജ് ഫോളോ ചെയ്യണം. തുടർന്ന് മത്സര പോസ്റ്റിൽ പേര് - ജില്ല - ലോകകപ്പ് ജേതാവായി പ്രവചിക്കുന്ന ടീം എന്ന ക്രമത്തിൽ കമന്റ് ചെയ്യുകയും, പേജിൽ പിൻ ചെയ്തിരിക്കുന്ന ശുചിത്വ സന്ദേശ പോസ്റ്റർ ലൈക്ക് ചെയ്യുകയും വേണം. ജൂലൈ 19 വൈകിട്ട് 5 വരെയാണ് മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരം.

കൂടുതൽ വിശദാംശങ്ങൾ www.suchitwamission.org വെബ്സൈറ്റിലും ശുചിത്വ മിഷന്റെ സ്റ്റേറ്റ് ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകളിലും ലഭിക്കും.

# ഡിജിറ്റൽ അറസ്റ്റിന് നിയമസാധുതയില്ല; വ്യാജ നോട്ടീസുകൾ തിരിച്ചറിയാൻ അഭയ് ഹെൽപ്പ്ബോട്ടുമായി സിബിഐ

പരവൂർ: രാജ്യത്തുടനീളം കനത്ത നഷ്ടമുണ്ടാക്കുന്ന ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരേ കർശന മുന്നറിയിപ്പുമായി സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ (സിബിഐ). നിലവിലുള്ള ഇന്ത്യൻ നിയമപ്രകാരം ഡിജിറ്റൽ അറസ്റ്റ് എന്ന സംവിധാനത്തിന് നിയമസാധുതയില്ലെന്ന് സിബിഐ ആവർത്തിച്ചു വ്യക്തമാക്കി.

സിബിഐ, എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി), അല്ലെങ്കിൽ വിവിധ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥർ എന്ന വ്യാജേന ആളുകളെ വീഡിയോ കോളുകൾ വഴി ചോദ്യം ചെയ്യാനോ, പണം ആവശ്യപ്പെടാനോ ശ്രമിച്ചാൽ തട്ടിപ്പാണെന്ന് ജനങ്ങൾ തിരിച്ചറിയണമെന്ന് ഏജൻസി പൗരന്മാരോട് നിർദേശിച്ചു.

ഇത്തരം സർക്കാർ ആൾമാറാട്ട തട്ടിപ്പുകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ലഭിക്കുന്ന ഔദ്യോഗിക നോട്ടീസുകളുടെ ആധികാരികത തത്സമയം പരിശോധിക്കുന്നതിനുമായി അഭയ് എന്ന പേരിൽ ഒരു ഡിജിറ്റൽ ഹെൽപ്പ്ബോട്ട് സിബിഐ പുറത്തിറക്കി. സിബിഐയിൽ നിന്നെന്ന വ്യാജേന സന്ദേശങ്ങളോ സമൻസുകളോ ലഭിക്കുന്ന പൗരന്മാർക്ക് ഏജൻസിയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി ഈ സേവനം ഉപയോഗിക്കാം. ഒറ്റത്തവണ പാസ്വേഡ് ഉപയോഗിച്ച് മൊബൈൽ നമ്പർ പരിശോധിച്ച ശേഷം സംശയാസ്പദമായ നോട്ടീസിൻറെ പകർപ്പ് അപ്ലോഡ് ചെയ്താൽ അത് യഥാർഥമാണോ വ്യാജമാണോ എന്ന് ഈ ഹെൽപ്പ്ബോട്ട് വേഗത്തിൽ തിരിച്ചറിഞ്ഞു നൽകും.

വ്യാജ സമൻസുകളെ എങ്ങനെ തിരിച്ചറിയാമെന്നത് സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റും തങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംശയാസ്പദമായ സന്ദേശങ്ങളോ ഫോൺ കോളുകളോ സാമ്പത്തിക ഓഫറുകളോ ലഭിക്കുകയാണെങ്കിൽ ഒട്ടും വൈകാതെ നാഷണൽ സൈബർ ക്രൈം ഹെൽപ്പ് ലൈൻ നമ്പറായ 1930ലോ അല്ലെങ്കിൽ നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ വഴിയോ അടുത്തുള്ള സൈബർ പൊലീസ് സ്റ്റേഷനിലോ പരാതി നൽകാൻ സിബിഐ പൊതുജനങ്ങളോട് അഭ്യർഥിച്ചു.

# ഖാർഗ് ദ്വീപ് പിടിച്ചെടുക്കാൻ നീക്കം; ഇറാനെതിരായ സൈനിക നടപടികൾ വിപുലീകരിക്കാൻ അമേരിക്ക

വാഷിംഗ്ടൺ: പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായതിന് പിന്നാലെ ഇറാനെതിരായ സൈനിക നടപടികൾ വിപുലീകരിക്കുന്ന കാര്യത്തിൽ വൻ നീക്കങ്ങളുമായി അമേരിക്ക.

ഇറാൻറെ തന്ത്രപ്രധാനമായ മേഖലകൾ ലക്ഷ്യമിട്ടുള്ള കരയുദ്ധം ഉൾപ്പെടെയുള്ള വിവിധ സൈനിക നീക്കങ്ങളാണ് അമേരിക്കയുടെ പരിഗണനയിൽ.

സംഘർഷം കൂടുതൽ സങ്കീർണമാകുന്ന സാഹചര്യത്തിൽ സൈനിക നടപടികൾ സംബന്ധിച്ച് മുതിർന്ന ഉദ്യോഗസ്ഥരുമായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് ചർച്ച നടത്തി. ഇറാൻറെ പ്രധാന എണ്ണ കയറ്റുമതി കേന്ദ്രമായ ഖാർഗ് ദ്വീപ് പിടിച്ചെടുക്കുന്നതും ആലോചനയിലുണ്ട്.

ഇതുകൂടാതെ ഇറാൻറെ ആണവ പദ്ധതിയുമായി ബന്ധമുണ്ടെന്ന് കരുതപ്പെടുന്ന 'പിക്കാക്സ് മൗണ്ടൻ' തുരങ്കത്തിന് നേരെ ആക്രമണം നടത്തുന്നതും ചർച്ചയായതായാണ് റിപ്പോർട്ടുകൾ. ഖാർഗ് ദ്വീപ് പിടിച്ചെടുത്താൽ ഇറാൻറെ എണ്ണ കയറ്റുമതിയുടെ നിയന്ത്രണം അമേരിക്കയുടെ കൈയിലെത്തും.

ഇതോടെ ഇറാനുമേൽ വലിയ സാമ്പത്തിക സമ്മർദം ചെലുത്താൻ അമേരിക്കയ്ക്ക് കഴിയും. അതേസമയം യുഎസ് സൈനികരുടെ സുരക്ഷ സംബന്ധിച്ച് വലിയ ആശങ്കയും അമേരിക്കയ്ക്കുണ്ട്.

# ഇറാനിലേക്ക് തുടരെ യുഎസ് ആക്രമണം

ദുബായ്: ഇറാനിലേക്ക് രൂക്ഷ ആക്രമണം തുടർന്ന് അമേരിക്ക. ഇറേനിയൻ ആർമി ബാരക്കിനു നേർക്കുണ്ടായ യുഎസ് ആക്രമണത്തിൽ ഏഴു സൈനികർ കൊല്ലപ്പെട്ടു. ഈയിടെ നടന്ന ആക്രമണങ്ങളിൽ മാത്രം ഇറാനിൽ മരണം 35 ആയി. ചൊവ്വാഴ്ച രാത്രി മാത്രം മുന്നൂറിലേറെ പേർക്ക് പരിക്കേറ്റതായി ഇറേനിയൻ ആരോഗ്യമന്ത്രാലയം അറിയിച്ചു. ചൊവ്വാഴ്ച രാത്രി ഏഴു മണിക്കൂറാണ് ഇറാനിൽ യുഎസ് സേന ബോംബുവർഷം നടത്തിയത്. ഇന്നലെ പകലും ആക്രമണം തുടർന്നു. ഇറാൻറെ തീര പ്രതിരോധ സംവിധാനങ്ങൾ, ക്രൂസ് മിസൈൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലായിരുന്നു ആക്രമണം. കുവൈറ്റിലും ബഹ്റിനിലും ജോർദാനിലും മിസൈൽഡ്രോൺ ആക്രമണങ്ങൾ നടത്തി ഇറാൻ തിരിച്ചടിച്ചു. മൂന്ന് ഇറേനിയൻ മിസൈലുകൾ വെടിവച്ചിട്ടെന്ന് ജോർദാൻ അറിയിച്ചു. ഇറാനുമേലുള്ള നാവിക ഉപരോധം ഇന്നലെ യുഎസ് പുനഃസ്ഥാപിച്ചു. ഇടക്കാല വെടിനിർത്തൽ പ്രഖ്യാപിച്ചതിനെത്തുടർന്ന് ഏപ്രിലിലായിരുന്നു നാവിക ഉപരോധം പിൻവലിച്ചത്. അടുത്തയാഴ്ച സമാധാനചർച്ച പുനരാരംഭിച്ചില്ലെങ്കിൽ രണ്ടു ദിവസത്തിനകം ഇറാനിലെ പാലങ്ങളും ഊർജകേന്ദ്രങ്ങളും ആക്രമിക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഭീഷണി മുഴക്കി. ഫോക്സ് ന്യൂസ് ചാനലിനോടാണ് ട്രംപ് ഇക്കാര്യം അറിയിച്ചത്. ഹോർമുസ് കടലിടുക്കിനു പുറമേ പശ്ചിമേഷ്യയിലെ മറ്റ് പ്രധാന എണ്ണക്കടത്തു പാതകളും പൂട്ടുമെന്ന് ഇറാൻറെ റവലൂഷണറി ഗാർഡ് ഭീഷണി മുഴക്കി. സംഘർഷം കനക്കുന്നതിനിടെ അന്താരാഷ്ട്ര വിപണിയിൽ എണ്ണവില ബാരലിന് 85 ഡോളറായി ഉയർന്നു. ഇറാൻറെ 388ാം മെക്കനൈസ്ഡ് ഇൻഫൻററി ബ്രിഗേഡിനു നേർക്കാണ് ഇന്നലെ യുഎസ് ആക്രമണമുണ്ടായത്. 13 മിസൈലുകളാണ് യുഎസ് സേന തൊടുത്തത്. ഏഴു സൈനികർ കൊല്ലപ്പെട്ടു. ഒട്ടേറെ സൈനികർക്കു പരിക്കേറ്റു. ഹോർമുസ് കടലിടുക്കിലെ ഗ്രേറ്റർ ടുൻബ് ദ്വീപിലേക്കും യുഎസ് സേന വ്യോമാക്രമണം നടത്തി. ദ്വീപിലെ ഇറേനിയൻ പ്രതിരോധ, മിസൈൽ കേന്ദ്രങ്ങളിലെയാണ് ലക്ഷ്യമിട്ടത്.